# ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്

എല്ലാ ആഴ്ചയും പ്രസിദ്ധീകരിക്കുന്ന ന്യൂസ്പേപ്പർ

VOL . 5 ISSUE 28.
DATE OF PUBLICATION
25-10-2014 SATURDAY ANNUAL Sub. ₹. 200/- Pages 8

REGISTERED NEWS PAPER
Reg.No.KERMAL/2009/32384
POSTAL REG.NO: KL/TLA/230/2013-15
LICENCE NO: KL/TLA/WPP/179/2013-15


''GO THEREFORE AND MAKE DISCIPLES OF ALL THE NATIONS'' (MATHEW 28:19)


എല്ലാദിവസവും അപ്ഡേറ്റ് ചെയ്യപ്പെടുന്നതായ വാർത്തകൾക്ക് സന്ദർശിക്കുക www.disciplesnews.com, www.miraclesnews.com


# കർണ്ണാടകയിലെ ക്രൈസ്തവർക്കെതിരായ ആക്രമണം: സോമശേഖര കമ്മീഷൻ റിപ്പോർട്ട് മന്ത്രി സഭ തള്ളി

**ബ**ംഗളൂരു: 2008-ൽ കർണ്ണാടകയിലെ വിവിധ സ്ഥലങ്ങളിൽ ക്രൈസ്തവർക്കെതിരായ ആക്രമണങ്ങളെക്കുറിച്ചും, ആരാധനാലയങ്ങൾ നശിപ്പിച്ച സംഭവങ്ങളേക്കുറിച്ചും അന്വേഷണം നടത്തിയ ജസ്റ്റിസ് ബി. കെ. സോമശേഖര കമ്മീഷൻ അന്വേഷണ റിപ്പോർട്ട് കർണ്ണാടക സർക്കാർ തള്ളി. ചില ഹൈന്ദവ സംഘടനകളുടെ പ്രവർത്തകർ നടത്തിയ അതിക്രമങ്ങളിൽ നിരവധി സഭാശുശ്രൂഷകന്മാർക്കും വിശ്വാസികൾക്കും പരിക്കേൽക്കുകയും നിരവധി ക്രൈസ്തവ ആരാധനാലയങ്ങൾ തകർക്കപ്പെടുകയുമുണ്ടായി. അന്ന് ബി.ജെ.പി. ആയിരുന്നു സംസ്ഥാനം ഭരിച്ചിരുന്നത്. ഇപ്പോൾ സോമശേഖര കമ്മീഷൻ റിപ്പോർട്ട് കോൺഗ്രസ്സ് സർക്കാർ തള്ളിയതോടെ ബി.ജെ.പി, സംഘപരിവാർ സംഘടനകൾക്ക് ക്ലീൻ ചീട്ട് നൽകുകയാണ് മന്ത്രിസഭ ചെയ്തത്. മന്ത്രിസഭയുടെ തിരുമാനം നിയമമന്ത്രി റ്റി.ബി. ജയചന്ദ്ര പത്രസമ്മേളനത്തിൽ അറിയിച്ചു.2008-ൽ അക്രമ പരമ്പരകൾ നടക്കുമ്പോൾ ഇപ്പോഴത്തെ മുഖ്യമന്ത്രി സിദ്ധാ രാമയ്യ അന്ന് സഭയിൽ പ്രതിപക്ഷ ഉപനേതാവായിരുന്നു. മുൻ ഹൈക്കോടതി ജഡ്ജിയായ ബി.കെ. സോമശേഖരനെ കേസന്വേഷണത്തിനായി സർക്കാർ നിയോഗിക്കുകയായിരുന്നു. അന്വേഷണത്തിൽ 300 സിറ്റിംഗുകൾ നടത്തിയും, 754 സാക്ഷികളെ വിസ്തരിച്ചശേഷവുമാണ് റിപ്പോർട്ട് തയ്യാറാക്കിയത്. 2009-ൽ ഈ റിപ്പോർട്ട് പ്രാരംഭമായി സർക്കാരിന് സമർപ്പിച്ചു. പിന്നീട് 2011-ൽ സമ്പൂർണ്ണ



റിപ്പോർട്ടു സമർപ്പിച്ചു. കർണ്ണാടകയിൽ ന്യൂനപക്ഷമായ ക്രൈസ്തവർക്ക് കോൺഗ്രസ്സും, ബി.ജെ.പിയും യാതൊരു സംരക്ഷണവും നൽകുന്നില്ല എന്നതിനു തെളിവാണിത്.

# മോചനദ്രവ്യത്തിനായുള്ള ക്രൈസ്തവരെ തട്ടിക്കൊണ്ടുപോകൽ വർദ്ധിക്കുന്നു

**കെ**യ്റോ: ഈജിപ്റ്റിൽ മോചനദ്രവ്യത്തിനായി ക്രൈസ്തവരെ തട്ടിക്കൊണ്ടുപോകുന്ന പ്രവണത വർദ്ധിക്കുന്നു. വ്യവസായികളും, കച്ചവടക്കാരും, ഉദ്യോഗസ്ഥരും ധനികകുടുംബത്തിൽപ്പെട്ടവരുമായ കുടുംബാംഗങ്ങളെയാണ് തട്ടിക്കൊണ്ടുപോകലിനു ഇരയാക്കുന്നത്. ഇവരുടെ ബന്ധുക്കളിൽനിന്നും പിന്നീട് വൻ തുക മോചന ദ്രവ്യമായി വാങ്ങിക്കുകയാണ് പതിവ്. ഇതിൽ ആഴ്ചകളും മാസങ്ങളുമായി അക്രമികളുടെ തടവറകളിൽ പിഢനങ്ങൾ നേരിട്ടവരുമുണ്ട്. ചില മുസ്ലീങ്ങളായ സ്ഥിരം കുറ്റവാളികളാണ് ഇത്തരം ക്രൂരതയ്ക്കു പിന്നിൽ. രണ്ടു മാസം മുമ്പ് സീനായിൽ നിന്നു വാഡിറമിസിസ് എന്ന ഡോക്ടറെ തട്ടിക്കൊണ്ടുപോയിരുന്നു. വൻ തുക വാങ്ങിയ ശേഷം ഇദ്ദേഹത്തെ കഴിഞ്ഞ തിങ്കളാഴ്ച മോചിപ്പിച്ചു. ഇത്തരത്തിൽ



മർക്കോസ്, ഐസക് അലി, ഷെനൗഡ റിയദ തുടങ്ങിയവരെയും വ്യത്യസ്ത സ്ഥലങ്ങളിൽനിന്നും തട്ടിക്കൊണ്ടുപോയി മോചനദ്രവ്യം വാങ്ങിയശേഷം വിട്ടയച്ചിരുന്നു. ഇവരിൽ നിന്നായി ഒന്നരലക്ഷം ഡോളർ മുതൽ 5 ലക്ഷം ഡോളർ വരെയാണ് വാങ്ങുന്നത്. പോലീസ് നിഷ്ക്രിയരാണ്. ക്രൈസ്തവർ രാജ്യത്ത് ഒറ്റപ്പെട്ട അവസ്ഥയിലാണ്.

# മതനിന്ദ: പാക്കിസ്ഥാനിൽ അസിയാ ബീവിയുടെ വധശിക്ഷ ശരിവച്ചു

**ലാ**ഹോർ: പാക്കിസ്ഥാനിൽ മതനിന്ദാ കുറ്റത്തിന് നാലു വർഷം മുമ്പ് വധശിക്ഷയ്ക്കു വിധിക്കപ്പെട്ട ക്രിസ്ത്യാനി അസിയാ ബീവിയുടെ ശിക്ഷ ലാഹോർ ഹൈക്കോടതി ശരിവച്ചു. സാധാരണ കുടുംബത്തിലെ വീട്ടമ്മയും, അഞ്ചു കുട്ടികളുടെ മാതാവുമായ അസിയയുടെ അപ്പീൽ തള്ളി രണ്ടംഗ ബഞ്ചാണ് ശിക്ഷ ശരിവച്ചത്. ഹൈക്കോടതി വിധിക്കെതിരെ സുപ്രീം കോടതിയിൽ അപ്പീൽ നൽകുമെന്ന് അസിയായുടെ അഭിഭാഷകൻ ശാകിർ ചൗധരി അറിയിച്ചു. 2010 -ൽ വീടിനു സമീപമുള്ള പൈപ്പിൽനിന്നു വെള്ളം എടുക്കുന്നതിനിടയിൽ ഒരു മുസ്ലീം സ്ത്രീയുമായുള്ള തർക്കത്തിനിടയിൽ അസിയ മുഹമ്മദ് നബിയെ അധിക്ഷേപിച്ചു സംസാരിച്ചു എന്ന കുറ്റം ചുമത്തിയായിരുന്നു 2010 നവംബറിൽ വിചാരക്കോടതി ഇവർക്ക് വധശിക്ഷ വിധി



*അസിയാ ബീവി*

ച്ചത്. ഈ വിധിക്കെതിരെ ലോകത്തിലെ ക്രൈസ്തവ വിഭാഗം ഒന്നടങ്കവും വിവിധ രാജ്യങ്ങളിലെ രാഷ്ട്രത്തലവന്മാരും രംഗത്തു വരികയും അസിയയെ മോചിപ്പിക്കണമെന്ന് ആവശ്യപ്പെടുകയുമുണ്ടായി. 97% പേരും മുസ്ലീം സമുദായത്തിൽപ്പെട്ട പാക്കിസ്ഥാനിൽ മതനിന്ദ വളരെ ഗുരുതര കുറ്റമായാണ് കാണുന്നത്. ന്യൂനപക്ഷങ്ങളെ വേട്ടയാടുവാൻ മാത്രമേ ഈ നിയമംകൊണ്ടു പ്രയോജനം ഉള്ളുവെന്ന് പരക്കെ ആരോപണം ഉയർന്നിരുന്നു. ഈ മതനിന്ദാ നിയമങ്ങൾ പരിഷ്ക്കരിക്കണമെന്ന് ആവശ്യപ്പെട്ട പഞ്ചാബ് ഗവർണർ

*ശേഷം പേജ് 2 ൽ* ▶

# ചൈനീസ് പാസ്റ്ററെ മോചിപ്പിക്കുക: യു.എസ്. കോൺഗ്രസ്സ് അംഗങ്ങൾ

**വാ**ഷിംങ്ടൺ: 12 വർഷത്തെ ജയിൽശിക്ഷയ്ക്കു വിധിക്കപ്പെട്ട ചൈനയിലെ പാസ്റ്ററുടെ മോചനത്തിനായി അമേരിക്കൻ സ്റ്റേറ്റ് കോൺഗ്രസ്സിലെ 32 അംഗങ്ങൾ ചൈനീസ് അംബാസിഡർക്ക് കത്തു നൽകി. ചൈനയിലെ രഹസ്യ സഭാ പാസ്റ്ററായ ഷങ് ഷൗജിയെ മോചിപ്പിക്കണമെന്നാവശ്യപ്പെട്ടാണ് ഇത്. ചൈനീസ് അംബാസിഡർ ക്യൂട്ടിയാങ്കായിക്കാണ് കോൺഗ്രസ്സ് അംഗങ്ങൾ കത്ത് നൽകിയത്. ഡൻകാൻ, വാർഗ്ഗസ് എന്നീ കോൺഗ്രസ്സ് അംഗങ്ങളുടെ നേതൃത്വത്തിലായിരുന്നു കത്ത് നൽകിയത്.

ഡിസൈപ്പിൾസ് ഗുഡ്ന്യൂസ്
Vol.5. Issue 28
2014 October 25

**ചീഫ് എഡിറ്റർ**
ഷാജി. എസ്
ഫോൺ : 9895464665
shaji@disciplesministry.com

**സബ് എഡിറ്റർ**
ഓംപ്രകാശ്

## യുപിഎഫ് വാർഷിക കൺവൻഷൻ

പൂനെ: യുണൈറ്റഡ് പെന്തക്കോസ്തൽ ഫെലോഷിപ്പ് 18-ാമതു വാർഷിക കൺവൻഷൻ ഒക്ടോബർ 30 -നവംബർ 2 വരെ കാലേവാഡി ജ്യോതിബാ മംഗൽ കാര്യാലയത്തിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ ജോൺ കുര്യൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർ ബെനിസൺ മത്തായി (ഖത്തർ) മുഖ്യ പ്രസംഗകനായിരിക്കും. ഡിവൈൻ വോയ്സ് മുംബൈ ഗാനങ്ങൾ ആലപിക്കും. ദിവസവും വൈകുന്നേരും 6 മുതൽ 9 വരെയും, പകൽ 10-1 വരെയുമാണ് യോഗങ്ങൾ. പാസ്റ്റർമാരായ സഖറിയ ജോൺ, ഷിജു തോമസ്, ബ്രദർ കെ.സി. ഏബ്രഹാം എന്നിവർ നേതൃത്വം നൽകുന്നു.

*8-ാം പേജിൽനിന്നു തുടർച്ച...*
### *മരണത്തിനുശേഷം സം.......*

ലായി ഹൃദയാഘാതത്തെ അതിജീവിച്ച രണ്ടായിരം ആളുകളിലായിരുന്നു പഠനം നടത്തിയത്. ക്ലിനിക്കൽ മരണം സ്ഥിരീകരിച്ചശേഷവും തങ്ങൾ ചുറ്റും നടന്നതെല്ലാം കണ്ടെന്നും കേട്ടെന്നും സാക്ഷ്യപ്പെടുത്തിയത് ഇവരിൽ 40% പേർ. താൻ മരിച്ചു കിടക്കുമ്പോൾ തനിക്കു ചുറ്റും ആശുപത്രിമുറിയിൽ എന്തൊക്കെ നടന്നെന്ന് ഓർമ്മിച്ചെടുത്തവർ അനേകരാണ്. ആശുപത്രിമുറിയിലെ ഡോക്ടർമാരുടെയും, നേഴ്സുമാരുടെയും പ്രവർത്തനങ്ങളും സംസാരവും ഓർത്തു പറഞ്ഞവരുണ്ട്. ഹൃദയം മരിച്ചശേഷം 20-30 സെക്കന്റുകൾ കൂടി മാത്രമേ സാധാരണയായി തലച്ചോർ ഉണർന്നിരിക്കാറുള്ളുവെന്ന് ഗവേഷകർ പറയുന്നു. പക്ഷേ മൂന്നു മിനിറ്റിലേറെ ഹൃദയം നിലച്ചിട്ടും ഹൃദയസ്പന്ദനം വീണ്ടെടുത്തു ജീവിതത്തിലേക്കു തിരിച്ചു വന്ന ആളും 'മരിച്ച' സമയത്തെ സംഭവങ്ങൾ ഓർത്തു പറഞ്ഞതായി പഠനത്തിൽ തെളിഞ്ഞതായും ഗവേഷകർ പറയുന്നു. പലർക്കും പല അനുഭവങ്ങൾ ഉണ്ടായി. ഹൃദയതാളം വീണ്ടെടുക്കുന്നതിനുള്ളിലെ നിമിഷങ്ങളിൽ വിവരിക്കാനാവാത്ത ശാന്തി അനുഭവപ്പെട്ടെന്ന് ചിലർ പറഞ്ഞു. ചിലർക്ക് ആ സമയം പറക്കുന്നതായി തോന്നി, മറ്റുചിലർക്ക് കാലചക്രം നിലച്ചതായും തോന്നി. സ്വർണ്ണ വർണ്ണ പ്രകാശമോ കത്തിജ്വലിച്ചു നിൽക്കുന്ന സൂര്യനേയോ ദർശനത്തിൽ കണ്ടവരുമുണ്ട്. ചിലർ വെള്ളത്തിൽ മുങ്ങിത്താഴുന്നതായും ആരോ ആഴത്തിലേക്കു വലിച്ചുകൊണ്ടുപോകുന്നതായും മറ്റു ചിലർക്കു തോന്നി. ഈ റിപ്പോർട്ട് 'റിസസിറ്റേഷൻ' ജേണലിലാണ് പ്രസിദ്ധീകരിച്ചത്



*എഡിറ്റോറിയൽ*

# രാഷ്ട്രീയക്കാരുടെ മോഹന വാഗ്ദാനങ്ങൾ

ഇന്ത്യയിൽ സംസ്ഥാന നിയമസഭകളിലേക്കും ലോകസഭയിലേക്കുമുള്ള തെരഞ്ഞെടുപ്പുകളിൽ വാശിയേറിയ മത്സരങ്ങൾ നടക്കുക പതിവാണ്. ഇന്ത്യയിലെ നൂറു കണക്കിനു രാഷ്ട്രീയ പാർട്ടികളാണ് ജനവിധിക്കായി രംഗത്തിറങ്ങുന്നത്. വോട്ടർമാരെ സ്വാധീനിച്ച് വോട്ടു നേടാനായി പലവിധമായ മോഹനവാഗ്ദാനങ്ങളാണ് നൽകുന്നത്. അതിൽ പ്രധാനമായും ഭൗതീക സാധനങ്ങൾ നൽകിയും പാവങ്ങൾക്കെന്ന പേരിൽ സൗജന്യങ്ങൾ കോരിച്ചൊരിഞ്ഞും വാഗ്ദാനങ്ങൾ നിരത്തുന്നു. ഇതിൽ ഭൂരിപക്ഷവും നടപ്പാക്കുകയും ചെയ്യുന്നുണ്ട്. ഇതിൽ മുൻപന്തിയിൽ നിൽക്കുന്നത് ചില പ്രാദേശിക പാർട്ടികളാണ്. അധികാരം പിടിച്ചടക്കാനും, നിലനിർത്തുവാനുമായി പലപ്പോഴും പരിധിവിട്ട് നിയമലംഘനം നടത്തിയാണ് വാഗ്ദാനങ്ങൾ നിരത്തുന്നത്. പൊതുജനങ്ങളുടെ നികുതിപ്പണം ഖജനാവിൽ നിറഞ്ഞു കവിയുമ്പോൾ നേതാക്കൾ എന്തു ചെയ്യണമെന്ന് അറിയാതെ വ്യക്തമായ പ്ലാനിങ് ഇല്ലാതെ പലപ്പോഴും വഴിവിട്ട കാര്യങ്ങൾക്കായി ആ പണം വിനിയോഗിക്കുന്നു. ഈ പണം പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചാൽ അത് നാടിനു ഗുണകരമാകും. ഈ അടുത്ത കാലത്ത് നടന്ന ചില തെരഞ്ഞെടുപ്പുകളിൽ സൈക്കിൾ, കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പ്, മിക്സി തുടങ്ങിയ ഗൃഹോപകരണങ്ങൾ വാഗ്ദാനം നൽകി ജനത്തെ സ്വാധീനിക്കാനും ശ്രമം നടത്തിയതായി മാധ്യമങ്ങൾ റിപ്പോർട്ടു ചെയ്തു. പണ്ടു കാലത്ത് ഒരു രാഷ്ട്രീയ പാർട്ടികളും ഇങ്ങനെ തരം താണ വാഗ്ദാനങ്ങൾ നടത്തിയിരുന്നില്ല. സത്യസന്ധമായി ജനക്ഷേമ പ്രവർത്തനങ്ങൾ നത്തിയപ്പോൾ ജനം അന്നത്തെ രാഷ്ട്രീയ നേതാക്കളെ ഇരുകൈയ്യും നീട്ടി സ്വീകരിക്കുകയാണ് ചെയ്തത്. എന്നാൽ ഇന്ന് സ്ഥിതി അതല്ല. അഴിമതിയിലും, വൻകിട തട്ടിപ്പിലും സദാചാരവിരുദ്ധ പ്രവർത്തികളിലും കുടുങ്ങി കേസിൽ അകപ്പെട്ട് ജന പിന്തുണ നഷ്ടപ്പെട്ട ചില രാഷ്ട്രീയ പാർട്ടികളിലെ നേതൃത്വത്തിനു തങ്ങളുടെ വീഴ്ചകൾ മറച്ചു വെയ്ക്കാനായി മോഹന വാഗ്ദാനങ്ങൾ നിരത്തുകയാണ് പതിവ്. ഈ പരീക്ഷണം ചിലയിടത്ത് വിജയിക്കാറുമുണ്ട്. പാവപ്പെട്ടവർ ആയിരം രൂപയുടെ സാധന സാമഗ്രികൾ കൈയ്യിൽ കിട്ടിയാൽ പോളിംഗ് ബൂത്തിൽ ചെല്ലുമ്പോൾ നന്ദി കാട്ടുന്നതു മൂലം അഴിമതിക്കാർ വീണ്ടും നാടു ഭരിക്കുന്ന പ്രവണതയാണ് വളർന്നു വരുന്നത്. ചില നേതാക്കന്മാർക്ക് പത്ര, ദൃശ്യ മാധ്യമങ്ങൾ പോലും സ്വന്തമായുണ്ട്. അവയുടെ പിന്തുണകൂടിയുള്ളപ്പോൾ ചില ജനവിഭാഗങ്ങളെങ്കിലും തെറ്റിധരിച്ചുപോകുന്നത് സാധാരണ കാഴ്ചയാണ്. മൂല്യം നഷ്ടപ്പെട്ട സമൂഹത്തിൽ കൂടുതൽ അരാജകത്വം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. നാട്ടിൽ എന്ത് അഴിമതിയും, അനീതിയും, നിയമലംഘനവും നടന്നാലും തെരഞ്ഞെടുപ്പിൽ ജയിച്ചു കയറുന്നതിനു പിന്നിൽ ജനങ്ങളുടെ നികുതിപ്പണം ദുർവ്വിനിയോഗം ചെയ്യുന്ന സമ്പ്രദായത്തിനു ചിലപ്പോഴൊക്കെ സ്വാധീനമുണ്ടാകാറുണ്ട്. ഈ പ്രവണത മാറണം.

മനുഷ്യർ നൽകുന്ന വാഗ്ദാനങ്ങൾ പലതും സുതാര്യമല്ല. എന്നാൽ കളങ്കമില്ലാത്ത, നീതിയുക്തമായ വാഗ്ദാനങ്ങൾ നൽകുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. ബൈബിളിൽ പഴയനിയമത്തിലും, പുതിയ നിയമത്തിലും സർവ്വശക്തനായ ദൈവം ഇടപെട്ട നൂറുകണക്കതിനു നന്മ പ്രവർത്തികളേയും അനുഗ്രഹങ്ങളെക്കുറിച്ചും നമുക്ക് മനസ്സിലാക്കുവാൻ കഴിയും. ദൈവം ഒരിക്കലും വഴിവിട്ട മാർഗ്ഗത്തിലൂടെ ജനത്തെ നയിക്കുന്നവനല്ല. മനുഷ്യർക്ക് ചെയ്തുകൊടുക്കുവാൻ സാധ്യമല്ലാത്ത നിരവധി വാഗ്ദാനങ്ങളും, വാഗ്ദത്തങ്ങളും യഹോവയായ ദൈവത്തിൽ നിന്നും പുതിയ നിയമ കാലഘട്ടത്തിൽ യേശുവിൽക്കൂടി മാനവ ജനതയ്ക്കു ലഭിച്ചിട്ടുണ്ട്. അഴിമതിയും, നിയമലംഘനവും ഇല്ലാത്ത, പട്ടിണിയും, ദാരിദ്ര്യവും ഇല്ലാത്ത രോഗവും പീഢനങ്ങളും ഇല്ലാത്ത ഒരു നിത്യ രാജ്യത്തിലേക്കു തന്റെ ജനത്തിനുവേണ്ടി വഴി ഒരുക്കുന്നത് ദൈവത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട വാഗ്ദത്തമാണ്. സ്വർഗ്ഗരാജ്യം എല്ലാ മാനവ ജനതയ്ക്കുമായി തന്റെ പുത്രനായ യേശുക്രിസ്തുവിലൂടെ ദൈവം വാഗ്ദത്തം ചെയ്തിരിക്കുന്നു. അത് വിശ്വസിച്ച് വാഗ്ദത്ത നിവൃത്തി പ്രാപിക്കാനായി ഒരുങ്ങുന്നവർ ലക്ഷങ്ങളാണ്. അതാണ് ശരിയായ വാഗ്ദാനം. വാഗ്ദത്തം ചെയ്തവൻ വിശ്വസ്തൻ.

**പാസ്റ്റർ ഷാജി.എസ്**

അറിയിപ്പ്

ഡിസൈപ്പിൾസ് ഗുഡ് ന്യൂസ് പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളിലെയും സ്ഥിരംപംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്ക് മാത്രമാണ്.

പത്രാധിപർ

*1-ാം പേജിൽനിന്നു തുടർച്ച...*
### *അസിയാ ബീവി......*

സാൽമാൻ തസീറും ന്യൂനപക്ഷ മന്ത്രി ഷഹബാസ് ഭട്ടിയും 2011-ൽ തീവ്രവാദികളുടെ ആക്രമണത്തിൽ കൊല്ലപ്പെട്ടിരുന്നു.

പത്രസംബന്ധമായ എല്ലാ വിഷയങ്ങൾക്കും ഞങ്ങളുമായി ബന്ധപ്പെടുക.

Office: 04792452420
Pr.Shaji : 09895464665
Pr.Aji David : 09847370509

ഡിസൈപ്പിൾസ് ഗുഡ്ന്യൂസിലേക്ക് നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും ലേഖനങ്ങളും പ്രാർത്ഥനാവിഷയങ്ങളും ഇപ്പോൾ ഇ-മെയിൽ വഴി അയയ്ക്കാവുന്നതാണ്. അതിനായി താഴെ കൊടുത്തിരിക്കുന്ന ഇ-മെയിൽ വിലാസങ്ങൾ ഉപയോഗിക്കുക.

ന്യൂസ് - news@disciplesministry.com
നിർദ്ദേശങ്ങൾ - info@disciplesministry.com
പ്രാർത്ഥനാവിഷയം -prayertower@disciplesministry.com
prayer@disciplesministry.com
എഡിറ്റർ - shaji@disciplesministry.com



# ആത്മീയ ഗാനങ്ങളുടെ ഉറവിടം

തുടർപരമ്പര
ഭാഗം: 142

പാസ്റ്റർ ഷാജി. എസ്.
shaji@disciplesministry.com

## കാത്തിരിക്കാം നാം തളർന്നിടാതെ

കാത്തിരിക്കാം നാം തളർന്നിടാതെ
പാർത്തലത്തിൽ മേവും നാളുകളിൽ
ആർത്തികൾ തീർത്തിടാനെത്തിടുന്ന
കർത്തന്റെ വരവിനായ് കാത്തിരിക്കാം

1. എണ്ണമറ്റരുളപ്പാടുകളും
മണ്ണിലുള്ളാളുകളോതിടുമ്പോൾ
കൊള്ളാതെ കള്ളമാം വാക്കുതള്ളി
വചനത്തിലുള്ളതു വിശ്വസിക്കാം — കാത്തിരിക്കാം

2. വിശ്വാസത്യാഗം വന്നിടുമ്പോൾ
വിശ്വാസമെന്തിനെന്നോതിടുമ്പോൾ
ആശ്വാസമേകിടുമേശുവിനെ
സംശയിച്ചീടാതെയാശ്രയിക്കാം — കാത്തിരിക്കാം

3. ഭാവിപ്രത്യാശയില്ലാത്തോരല്ല
ഭാവിയുള്ളോരായിത്തീർന്നവരാം
ഭാരപ്പെടാൻ തെല്ലുംകാര്യമില്ല
പാരിതിൽ പാർത്തിടും കാലമെല്ലാം — കാത്തിരിക്കാം

---

**കാത്തിരക്കാം നാം തളർന്നിടാതെ**

*രചന: അഡ്വ. സി.എം. മാത്യൂസ്, കുണ്ടറ*

"നിങ്ങളെ വിട്ടു സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും"

അപ്പോ.പ്രവൃ. 1:11

---

ക്രിസ്തുവിന്റെ രണ്ടാം വരവിനെ സംബന്ധിക്കുന്ന ഏകദേശം 1845 പ്രസ്താവനകൾ വേദപുസ്തകത്തിലുണ്ട്. ഒന്നാം വരവിനെ സംബന്ധിച്ച് പറഞ്ഞ സകല പ്രവചനങ്ങളും നിറവേറി എങ്കിൽ രണ്ടാം വരവിനെക്കുറിച്ചുള്ളതും നിറവേറുകതന്നെ ചെയ്യും. ലോകസംഭവങ്ങൾ കർത്തൃവരവിൻ നാൾ സമാഗതമാകാറായി എന്ന് ഉച്ചൈസ്തരം പ്രസ്താവിക്കുന്നുണ്ട് എന്നു വരികിലും 'നാളും നാഴികയും' ഗണിക്കുവാൻ ആർക്കുമാകുകയില്ല. "ആ നാളും നാഴികയും സംബന്ധിച്ചോ എന്റെ പിതാവു മാത്രമല്ലാതെ ആരും സ്വർഗ്ഗത്തിലെ ദൂതന്മാരും പുത്രനും കൂടെ അറിയുന്നില്ല" (മത്തായി 24:36) എന്നാണ് വേദപുസ്തകം പറഞ്ഞിരിക്കുന്നതെങ്കിലും കാലഗണന നടത്തുവാൻ മാത്രമല്ല ആ ഗണിതം പരസ്യമായ് പറയുവാനും ആ ദിനത്തിൽ കർത്തൃ വരവിനായ് കാത്തിരിക്കാനും നൂറ്റാണ്ടുകളിലൂടെ അനേകർ ശ്രമിച്ചു എന്ന് ചരിത്രരേഖകളിൽ കാണാം.

1843-മാർച്ച് 21ന് യേശു വരുമെന്ന് വില്യം മില്ലർ പ്രസ്താവിച്ചു. ശാബത് മിഷൻകാരനായ ഹിരാം ഹഡ്സൺ തന്റെ നേതാവിനെ പിന്താങ്ങി. മില്ലറുടെ കണക്കുകളെ ന്യായീകരിക്കാൻ ഹഡ്സൺ ശ്രമിച്ചു. 1875-മെയ് 17-ാം തീയതി കൂടാരപ്പള്ളിൽ തൊമ്മനുണ്ടായ വെളിപ്പാടനുസരിച്ച് 1881-ഒക്ടോബർ 1-ാം തീയതി ക്രിസ്തു വരുമെന്നു പ്രവചിച്ചു. തന്റെ നേതാവായ ഉണർവ്വു പ്രഭാഷകനും ഗാനരചയിതാവുമായ യൂസ്തോസ് ജോസഫ് എന്ന വിദ്വാൻകുട്ടി അച്ചൻ ഈ പ്രവചനം കണ്ണടച്ച് വിശ്വസിക്കുകയും കാലക്കണക്കുകൾകൊണ്ട് തീയതി സ്ഥിരീകരിക്കുകയും ചെയ്തു എങ്കിലും ഒടുവിൽ പരാജിതനായി.

1914-ഒക്ടോബറിൽ ക്രിസ്തു വരുമെന്ന് ചാൾസ് ടെയ്സ് റസ്സൽ എന്ന അമേരിക്കക്കാരൻ പ്രവചിച്ചു. യഹോവാസാക്ഷികളുടെ സംഘടനയുടെ രണ്ടാമത്തെ പ്രസിഡന്റായ റൂതർ ഫോഡ് 1918-ൽ ക്രിസ്തു അദൃശ്യനായി ശൂന്യാകാശത്തിൽ വരും എന്നു പ്രവചിച്ചു. ഇതേ യഹോവാസാക്ഷികൾ വീണ്ടും 1935 -ലും 1949-ലും ഇത്തരം പ്രവചനങ്ങൾ നടത്തി പരാജയമടഞ്ഞു.

മദ്രാസിലെ പോൾ ആശിർലാറി 1967-ജൂലൈ 19-ാം തീയതി യേശു വരും എന്ന് പ്രവചിച്ചു. 1980-കളുടെ ആരംഭത്തിൽ ഗായാനാ വനാന്തരങ്ങളിൽ കൂട്ട ആത്മഹത്യ നടത്തിയ ജിം ജോൺസും സംഘവും 'ലോകാന്ത്യ പ്രവചന' ത്തിൽ പരാജിതരായവരാണ്.

ഒന്നുകൂടെ, 1992-ഒക്ടോബർ 28 -ാം തീയതി വൈകുന്നേരം എട്ടരയ്ക്ക് ക്രിസ്തു വരുമെന്നും ലോകാവസാനം സംഭവിക്കുമെന്നും പ്രവചനമുണ്ടായി. ദക്ഷിണകൊറിയയിലെ മിഷൻ ഫോർ ദ കമിങ് ഡെയ്സ് എന്ന പ്രസ്ഥാനത്തിന്റെ നേതാവായ റവ. ക്വോൺ-ടെ-യംഗ് എന്ന ദേഹത്തിന്റെ പ്രവചനത്തെ ഭാരതീയ വാർത്താമാദ്ധ്യമങ്ങൾ പോലും പ്രാധാന്യത്തോടെ പ്രസിദ്ധീകരിച്ചു. ഇരുപതിനായിരത്തോളം അംഗങ്ങളാണ് ഇതിങ്കൽ വഞ്ചിതരായത്. ഒടുവിൽ കൊറിയൻ സർക്കാർ നേതാക്കളെ വിലങ്ങു വച്ചതോടെ പരസ്യമായ് മാപ്പു പറയുകയുണ്ടായി.

ഈ വിധം ലോകത്തിന്റെ വിവിധ രാജ്യങ്ങളിലുള്ളവർ കർത്താവിന്റെ വരവിനെക്കുറിച്ച് കൃത്യമായ് പ്രവചിക്കുകയും പരാജയമടയുകയും ചെയതു. അതുപോലെ നമ്മുടെ ഇടയിലും ചിലർ പ്രസംഗമദ്ധ്യേ ഈ വിധം അഭിപ്രായം പറഞ്ഞ് പരാജയപ്പെടുന്നത് കണ്ട് മനം നൊന്ത് അഡ്വ. സി.എം. മാത്യൂസ് എഴുതിയ പുനരാഗമന ഗാനമാണിത്.

**ആത്മീയ ഗാനങ്ങളുടെ പുതിയ ഉറവിടത്തിനായി അടുത്തലക്കം പ്രാർത്ഥനയോടെ കാത്തിരിക്കുക (തുടരും)**

---

7-ാം പേജിൽ നിന്നു തുടർച്ച

നിത്യജീവനായി നിയമിക്കപ്പെട്ടവർ എന്ന് ഗ്രഹിക്കാം. എന്നാൽ ഈ വിശ്വാസം യഥാർത്ഥ മാനസാന്തരത്തിനടിസ്ഥാനപ്പെട്ടതായിരിക്കണം. കർത്താവായ യേശു സകല മാനവവംശങ്ങളുടെയും പാപങ്ങൾക്ക് പരിഹാരമായി തന്റെ സ്വന്തം രക്തം ചിന്തി നേടിയെടുത്ത ഈ രക്ഷ അവനിലും അവനെ അയച്ച പിതാവിലും വിശ്വസിക്കുന്നതു വഴി, വിശ്വസിക്കുന്ന ഏവനും സൗജന്യമായി ലഭിക്കുന്നതാണ്. ഈ രക്ഷ ഒരുവന്റെ ആത്മാവിന്റെ രക്ഷയാകയാൽ ഈ ആത്മാവിനെ നഷ്ടപ്പെടുത്തിയിട്ട് ലോകത്തിൽ എന്തൊക്കെ നേടിയാലും ഒരു വിലയുമില്ലാതെ സകലവും നിഷ്ഫലമായിത്തീരുന്നു. മത്തായി 16:26. ഒരു മനുഷ്യൻ സർവ്വലോകവും നേടിയിട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവനു എന്തു പ്രയോജനം?

ഇപ്രകാരം ഒരു ആത്മാവിന്റെ വില ഈ ലോകത്തേക്കാളും വിലമതിക്കുന്നതാകയാലാണ് ദൈവം തന്റെ പുത്രനെത്തന്നെ നമ്മുടെ ആത്മാക്കളുടെ മറുവിലയായി കാൽവറിയിൽ യാഗമർപ്പിച്ചത്. സ്വന്തം പുത്രനെപ്പോലും നമുക്കായി ബലികഴിക്കുവാൻ സന്നദ്ധനായ ആ സ്നേഹപിതാവിന്റെ സ്നേഹം ഈ ലോകത്തിലെ ഓരോ വ്യക്തിയോടും ജാതിമത ഭേതമെന്യേ, ഏറ്റക്കുറച്ചിലുകളില്ലാതെ ഒരുപോലെയാണ്. എന്നാൽ ഈ രക്ഷയുടെ മഹാത്മ്യം മനസ്സിലാക്കി ഇതിനായി സമർപ്പിക്കുന്ന ഓരോ വ്യക്തിജീവിതങ്ങൾക്കും ഈ ദൈവസ്നേഹത്തിന്റെ ആഴം ദൈവവചനങ്ങളിലൂടെ വെളിപ്പെടുത്തിക്കിട്ടുന്നു. ഇപ്രകാരം വചനങ്ങളെ ഏറ്റെടുക്കുന്ന വ്യക്തികൾക്ക് അവരുടെ ബന്ധനങ്ങളിൽനിന്ന് വിടുതൽ നേടി യേശുവിൽ വളരുവാനും, യേശുവിനെ ആത്മരക്ഷകനായി സ്വീകരിച്ച് വിശ്വാസത്തിൽ ഉറയ്ക്കുവാനും സാധിക്കുന്നു.

ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചുവെന്നും പാപപരിഹാരത്തിനായി അവൻ യാഗമായി അർപ്പിക്കപ്പെട്ടുവെന്നും, അവനിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാനുള്ള അധികാരം നൽകി എന്നും നമുക്ക് ദൈവവചനത്തിൽ കാണാം. അവനിൽ വിശ്വസിച്ച് ഈ പദവിയുടെ അമൂല്യത മനസ്സിലാക്കി തനിക്കുള്ളത് സർവ്വവും ഉപേക്ഷിച്ച്, ഈ വിശ്വാസത്തെ ഏറ്റെടുക്കുന്ന ഒരു വ്യക്തി അവന്റെ ആത്മാവിനെ നിത്യ മരണത്തിൽനിന്നും വീണ്ടെടുത്ത് നിത്യജീവന് അവകാശിയാക്കുന്നു. ഇപ്രകാരം അവകാശിയായ വ്യക്തി, ലോക ജീവിതത്തിൽ, കർത്താവ് നൽകിയ ചട്ടങ്ങൾ പ്രകാരം വിശ്വാസ ജീവിതം നയിക്കുന്നതു വഴി ജീവന്റെ കിരീടത്തിനും അവകാശികളായിത്തീരുന്നു, അവർ സ്വർഗ്ഗരാജ്യത്തിൽ അംഗത്വം നേടുന്നു.

---

5-ാം പേജിൽ നിന്നു തുടർച്ച

ച്ചുകൊണ്ടിരിക്കുമ്പോൾ സർവ്വ ഭൂമിയെ ദർശിക്കുന്ന ദൈവത്തിന്റെ കണ്ണുകൾ അവനെ ദർശിച്ചു. തന്റെ ധാന്യം ശത്രുവിനു കൊടുക്കുകയില്ലെന്നുള്ള നിശ്ചദാർഢ്യം യഹോവയായ ദൈവത്തിനു ഇഷ്ടപ്പെടുകയും ഒരു ജനത്തിന്റെ മുഴുവൻ വിടുതലിനും അത് ഹേതുവായി തീർന്നു. എന്റെ നന്മകൾ ശത്രു അപഹരിക്കുവാൻ ഞാൻ സമ്മതിക്കുകയില്ലെന്നുള്ള അവന്റെ ഹൃദയത്തിന്റെ നിശ്ചയ ദാർ ഢ്യവും മനസ്സിന്റെ ഉറപ്പും നിമിത്തം ശത്രുക്കൾ നിലംപരിചായി. ഗിദയോന്റെ ശാരീരിക ബലം അല്ല ദൈവം ഗർശിച്ചത്. അവന്റെ ഹൃദയത്തെയാണ് ദൈവം കണ്ടത്. കാഴ്ചയാലല്ല വിശ്വാസത്താലയാണ് നാം ജീവിക്കുന്നത്. അതിനാൽ വിശ്വാസത്തിന്റെ ബലത്തോടെ നാം കഷ്ടങ്ങളിലും പരിശോധനകളിലും ശത്രുവിനു കീഴടങ്ങാതെ, ശത്രുവിനെ കീഴടക്കുന്നവരായിത്തീരുക. യഥാർത്ഥ വിശ്വാസത്തോടെ ദീർഘക്ഷമയുള്ളവരായിരിക്കുക. ഏതൊരു സാഹചര്യത്തിലും വിശ്വസ്തരായിരിക്കുകയും ചെയ്തുകൊണ്ട് ഈ പരദേശവാസക്കാലം വിശ്വാസത്തോടെ നയിക്കാൻ ഇടവരുമാറാകട്ടെ.

# വാർദ്ധക്യത്തിലെ യൗവ്വനം

ഡോ.പി.ജി.വർഗീസ്

**ലോ**കത്തുള്ള ഏതും കാലപ്പഴക്കത്തിൽ ദ്രവിക്കുന്നതാണ്. ചിലത് വേറെ ചിലതായി മാറ്റപ്പെടുന്നു. പാറകൾ മൺതരിയായി മാറുന്നു. ചില പാറകൾ ഏറ്റവും കടുപ്പമുള്ളതായി തീരുന്നു. വളർച്ചയുള്ള ഏതിനെയും കാലപ്പഴക്കം ബാധിക്കുന്നതാണ് അതുകൊണ്ട് വളർച്ചയെന്നത് കാലപ്പഴക്കത്തെ കാണിക്കുന്നു.

മനുഷ്യന് ശരീരവും മനസ്സും ആത്മാവും ഉണ്ട്. ശരീരം വർഷങ്ങൾ കഴിയുന്തോറും ബലഹീനമായിക്കൊണ്ടിരിക്കും. ശരീരത്തിന്റെ ശക്തിയെ കെടുത്തിക്കളയുവാൻ വാർദ്ധക്യം വന്നണയും. ചെവിക്ക് കേൾവി കുറയും. കണ്ണിന്റെ കാഴ്ച നഷ്ടമാകും. പല്ലുകൾ കൊഴിയുകയോ ബലം കുറഞ്ഞ് ആടുകയോ ചെയ്യും. ഇതിനെയൊക്കെപ്പറ്റിയാണ് സഭാപ്രസംഗിയിൽ പറഞ്ഞിരിക്കുന്നത്. "അന്ന് വീട്ടുകാവൽക്കാർ വിറയ്ക്കും. ബലവാന്മാർ കുനിയും. അരയ്ക്കുന്നവർ ചുരുക്കമായാൽ അടങ്ങിയിരിക്കും. കിളിവാതിലിൽ കൂടി നോക്കുന്നവർ അന്ധരാകും. തെരുവിലെ കതകുകളടയും. അരയ്ക്കുന്ന ശബ്ദം മന്ദമാകും. പക്ഷികളുടെ ശബ്ദത്തിൽ ഉണർന്നുപോകും. പാട്ടുകാരൊക്കെയും തളരുകയും ചെയ്യും. അന്ന് അവർ കയറ്റത്തെ പേടിക്കും. വഴിയിൽ ഭീതി ഉള്ളതായി തോന്നും. ബദാം വൃക്ഷം പൂക്കും. തുള്ളൻ ഇഴഞ്ഞുനടക്കും; രോചനക്കുരു ഫലിക്കാതെവരും"(സഭാ. 12:3-5). മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളൊക്കെയും മനുഷ്യജീവിതത്തെ ബാധിക്കുമെന്നത് തുടർന്നുള്ള വേദഭാഗം വ്യക്തമാക്കുന്നു. ഇതെല്ലാം വയസ്സാകുമ്പോൾ നമ്മുടെ ശരീരത്തെ ബാധിക്കുന്ന അവസ്ഥകളാണ്. ഉറക്കമില്ലായ്മയും ഓർമ്മക്കുറവും ഉണ്ടായേക്കാം. ശരീരത്തിന്റെ ബലം കെട്ടുപോകും.

വയസ്സായി എന്ന് ശരീരം പറയുമ്പോൾ മനസ്സ് അതിനു സമ്മതിച്ചു കൊടുത്താൽ മനസ്സും പ്രായമുള്ളതായി മാറുന്നതാണ്. എന്നാൽ മനസ്സ് എപ്പോഴും യൗവ്വനത്തിളപ്പിൽ ആയിരിക്കുവാനാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം അപ്രകാരമുള്ള അവസ്ഥയിലാണ് മനുഷ്യനെ സൃഷ്ടിച്ചത്. എന്നാൽ ശരീരത്തിന് മനസ്സ് കീഴടങ്ങി കഴിയുമ്പോൾ മനസ്സിന്റെ പ്രസരിപ്പ് നഷ്ടമായി തീരും. ''നിന്റെ യൗവ്വനം കഴുകനെപ്പോലെ പുതുകിവരത്തക്കവണ്ണം അവൻ നിന്റെ വായ്ക്ക് നന്മകൊണ്ട് തൃപ്തി വരുത്തുന്നു'' (സങ്കീ. 103:5). ഇവിടെ നമ്മുടെ ശരീരത്തിന്റെ യൗവ്വനത്തെപ്പറ്റിയല്ല പറയുന്നത്. മനസ്സിന്റെ യൗവ്വനത്തെപ്പറ്റിയാണ്. മനസ്സ് യൗവ്വനമായിരുന്നാൽ ശരീരത്തിലും അതിന്റെ സ്വാധീനമുണ്ടായിരിക്കും. നേരേ മറിച്ച് ശരീരത്തിന്റെ ബലഹീനത മനസ്സിനെ ബാധിച്ചു കഴിഞ്ഞാൽ മനസ്സിനെയും വാർദ്ധക്യം പിടികൂടുന്നതാണ്. മനസ്സിനെ ബാധിക്കുന്ന വാർദ്ധക്യമാണ് മനുഷ്യന്റെ എല്ലാ കഴിവുകളെയും നശിപ്പിക്കുന്നത്. അപ്രകാരമുള്ളവരുടെ ശരീരം ഒരുപക്ഷേ ആരോഗ്യമുള്ളതായി തോന്നാം. എന്നാൽ അവരെക്കൊണ്ട് ഈ ലോകത്തിനോ ആ വ്യക്തിക്കോ തന്നെ പ്രയോജനകരമായ യാതൊന്നും ചെയ്യുവാൻ കഴിയുന്നതല്ല. തിന്നും കുടിച്ചും മദിച്ചും രസിച്ചും ജീവിച്ചു എന്നത് മാത്രമേ ആ വ്യക്തിയെപ്പറ്റി പറയുവാൻ കഴിയുകയുള്ളൂ. ദൈവം നമ്മെപ്പറ്റി അങ്ങനെയല്ല ഉദ്ദേശിക്കുന്നത്. ഫലം കായ്ക്കുന്ന വൃക്ഷങ്ങളായിരിപ്പാനാണ് ദൈവം ഈ ലോകത്തിൽ നമ്മെ നട്ടിരിക്കുന്നതെന്ന പരമാർത്ഥം നാം മനസ്സിലാക്കേണ്ടതാണ്.

നിങ്ങളുടെ ചിന്താമണ്ഡലത്തിൽ കൂട് കെട്ടുവാൻ പിശാചിനെ നിങ്ങൾ അനുവദിക്കരുത്. കൊച്ചുമക്കൾ 'വല്ല്യപ്പാ, വല്ല്യമ്മച്ചീ' എന്നു വിളിക്കുമ്പോൾ നമ്മുടെ ശരീരം മാത്രമേ ആ വിളിയെ അംഗീകരിക്കാവൂ. കാരണം നമ്മുടെ മനസ്സ് വാർദ്ധക്യത്തിലെത്തിയിട്ടില്ലായെന്ന് നാം ഓർക്കണം.

ശരീരം വാർദ്ധക്യത്തിലായിട്ടും മനസ്സ് യൗവ്വനത്തിളപ്പോടെ പ്രവർത്തിച്ചവരെ ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പ്രായമായവർക്ക് പ്രോത്സാഹനവും പ്രചോദനവും കൊടുത്താൽ അവരുടെ ബുദ്ധിയും കഴിവും കുറയുകയില്ലെന്ന് തുടർന്ന് ചൂണ്ടിക്കാണിക്കുന്നവരുടെ പ്രവർത്തനങ്ങൾ തെളിവു നല്കുന്നു. ഡോഹ്യൂസൺ പറയുന്നത് ശ്രദ്ധേയമാണ്. "കാര്യങ്ങൾ ആസൂത്രണം ചെയ്യുവാൻ വാർദ്ധകൃത്തിലെത്തിയവർക്ക് കഴിവ് വർദ്ധിക്കുന്നു. 18-ാം വയസ്സിൽ കോളേജിൽ വർത്തിച്ച നിലവാരത്തെക്കാൾ മാന്യവും ഉയർന്നതുമായ നിലവാരം 50,60,70 എന്നീ വയസ്സുകളിലുള്ളവർക്ക് ഉണ്ടാകുന്നതാണ്.

എഴുപതു വയസ്സിനുശേഷം കാര്യമായ സംഭാവന നല്കിയവരുടെ പേരുകളാണ് താഴെ പറയുന്നത്. ഇമ്മാനുവേൽ കാന്ത് എന്നു പേരുള്ള മനുഷ്യൻ തന്റെ 74-ാം വയസ്സിലാണ് സുപ്രസിദ്ധമായ ഫിലോസഫിക്കുള്ള പുസ്തകങ്ങൾ രചിച്ചത്. അബ്വാർ എന്ന കവിത ടെന്നിസൻ ക്രോസിങ് 80-ാമത്തെ വയസ്സിലാണ് എഴുതിയത്. മൈക്കൽ ഏൻജലോയിക്ക് 87 വയസ്സുള്ളപ്പോഴാണ് പ്രശസ്ത കലാസൃഷ്ടികൾക്ക് ജന്മം നൽകിയത്. ജസ്റ്റിസ് ഫോം 90-ാമത്തെ വയസ്സിലാണ് അമേരിക്കൻ കോടതിയുടെ സുപ്രസിദ്ധമായ അഭിപ്രായങ്ങൾ പുസ്തക രൂപേണ പ്രസിദ്ധീകരിച്ചത്. ജോർജ്ജ് ഡാവ്സൻ 96 വയസ്സുണ്ടായിരുന്നപ്പോഴാണ് വായിക്കാൻ പഠിച്ചത്. ദരിദ്രമായ തന്റെ കുടുംബത്തെ സംരക്ഷിക്കുന്നതിനാണ് അദ്ദേഹം അക്ഷരങ്ങൾ പഠിക്കു വാൻ തയ്യാറായത്. 102-ാം വയസ്സിൽ തന്റെ ജീവചരിത്രം അദ്ദേഹം എഴുതി.

വാർദ്ധക്യത്തിലെത്തിയവർ ഇതു വായിക്കുന്നുണ്ടെങ്കിൽ അവരോട് ഒരു വാക്ക്. കാലഹരണപ്പെട്ട സ്വപ്നങ്ങളെ പുതുക്കിക്കൊണ്ടുവരുവാൻ നിങ്ങളുടെ മനസ്സ് സജ്ജമായിത്തീരട്ടെ. നിങ്ങളുടെ പ്രായം എന്തായിക്കൊള്ളട്ടെനിങ്ങളുടെ ശരീരത്തിൽ യൗവ്വനത്തിൽ നിങ്ങൾക്കുണ്ടായിരുന്ന പ്രയോജനകരമായ ചിന്തകൾക്ക് പുതുജീവൻ പകരുക. അത് നിങ്ങളുടെ മനസ്സിന്റെ പുതുക്കത്തിൽ നിന്നേ സാധിക്കുകയുള്ളൂ. ഒരു മനുഷ്യന്റെ ഏറ്റവും ഫലപ്രദമായ പ്രായം അമ്പത് വയസ്സിനു ശേഷമാണെന്നോർക്കുക.

"നരച്ച തല ശോഭയുള്ള കിരീടമാകുന്നു; നീതിയുടെ മാർഗ്ഗത്തിൽ അ തിനെ പ്രാപിക്കാം'' (സദൃ. 16:31). കിരീ ടം അധികാരത്തെ മാത്രമല്ല മാന്യതയെയും മഹത്ത്വത്തെയും കാണിക്കുന്നു. നീതിയുടെ മാർഗ്ഗത്തിൽ നടക്കുന്നവർക്ക് അത് പ്രാപിക്കുവാൻ കഴിയുന്നതാണ്. ജീവിതത്തിലെ ഓരോ അവസ്ഥകളിലുമുള്ള തീരുമാനങ്ങളും നിലപാടുകളും നീതിയുടെ മാർഗ്ഗത്തിലേക്കാണെങ്കിൽ വാർദ്ധകൃത്തിലും പ്രായം ബാധിക്കാത്ത മനസ്സിന്റെ ഉടമയാകാം.

മനസ്സിന്റെ പുതുക്കത്തെപ്പറ്റി വേദപുസ്തകം എന്തു പറയുന്നുവെന്ന് നോക്കുക. നന്മയും പ്രസാ




# വിശ്വാസത്തിന്റെ ബലം




**മേരി ഷാജി**

സ്ത്രീയേ നിന്റെ വിശ്വാസം വലിയത് നിന്റെ ഇഷ്ടം പോലെ നിനക്കു ഭവിക്കട്ടെ (മത്തായി 15:28).

വലിയ വിശ്വാസത്തിന് ഉടമയായ ഒരു ജാതീയ സ്ത്രീയെ, കനാന്യ സ്ത്രീയെ മത്തായി 15-ാം അദ്ധ്യായം 21 മുതൽ 28 വരെയുള്ള വാക്യങ്ങളിൽ കാണാം. കർത്താവായ യേശുക്രിസ്തുവിന്റെ ശുശ്രൂഷാ കാലത്ത് തന്റെ അടുക്കൽ കടന്നുവന്ന ആരേയും കർത്താവായ യേശു തള്ളിക്കളഞ്ഞില്ല. ആവശ്യഭാരങ്ങളുമായി കഴിയുന്നവരുടെ ഇടയിലേക്കാണ് യേശു ഇറങ്ങിച്ചെല്ലുന്നത്. ആർക്കെങ്കിലും വിശ്വാസം ഉണ്ടോ അവിടെയെല്ലാം യേശു കടന്നു ചെല്ലും. ആരെല്ലാം വന്നു എന്നറിയാമായിരുന്നിട്ടും പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റനായി പലയിടങ്ങളിലും ദേശം വിട്ടു ദേശങ്ങളിലേക്ക് കർത്താവ് യാത്രയായിട്ടുണ്ട്. ഗന്നെസെരേത്തിൽ ഇരുട്ടിന്റെ തടവറയിൽ കിടന്ന അനേകരെ സന്ദർശിച്ച് സൗഖ്യമാക്കിയശേഷം യേശു തന്റെ ശിഷ്യന്മാരുമായി സോർ സീദോൻ എന്ന പ്രദേശങ്ങളിലേക്ക് കടന്നുവന്നപ്പോൾ ആ ദേശത്തുള്ള കനാന്യ സ്ത്രീ യേശുവിന്റെ അടുക്കൽ മകളുടെ സൗഖ്യത്തിനായി യാചനയുമായി കടന്നുവന്നു. അവളുടെ വിശ്വാസം എത്രത്തോളം എന്നറിയേണ്ടതിന് ആ നാട്ടിൽ പറയപ്പെട്ടിരുന്ന ഒരു പഴമൊഴി പറഞ്ഞുകൊണ്ട് താൻ എന്തിനായി ഈ ലോകത്തിലേക്ക് അയക്കപ്പെട്ടു എന്ന് അതിൽക്കൂടി വെളിപ്പെടുത്തുകയും ചെയ്തു. എന്നാൽ യേശുവിനു മാത്രമേ അവളുടെ പ്രശ്നങ്ങൾക്ക് പരിഹാരം വരുത്തുവാന കഴിയുകയുള്ളു എന്ന് അവൾ ഉറച്ചു വിശ്വസിച്ചിരുന്നു. "നായ്ക്കുട്ടികൾ ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകൾ തിന്നുന്നുണ്ടല്ലോ" എന്നവൾ പറഞ്ഞത് അതുകൊണ്ടാണ്. അവളുടെ ആവശ്യത്തിനു മുമ്പിൽ കർത്താവിന്റെ പ്രതികരണത്തിൽ അവൾ മടുത്തുപോയില്ല. എന്തുകൊണ്ടെന്നാൽ കർത്താവായ യേശുക്രിസ്തു പ്രവർത്തിക്കുവാൻ ശക്തൻ, അവനു മാത്രമേ അവളുടെ മകളെ ഭൂതബാധയിൽനിന്നു വിടുവിക്കുവാൻ കഴിയുകയുള്ളു. വേറെ ആരെങ്കിലും വേറെ ഒരിടത്തും തന്നെ രക്ഷിക്കുകയില്ല എന്നുള്ള അവളുടെ വിശ്വാസം തകർക്കുവാൻ പറ്റാത്ത വിധത്തിൽ ഉറപ്പേറിയതായിരുന്നു. യഥാർത്ഥത്തെ അതേപടി വിശ്വസിക്കുക എന്നതാണ് വിശ്വാസം. യേശുക്രിസ്തു സകലത്തിനും മതിയായവൻ, വിടുവിക്കുവാൻ ശക്തൻ എന്ന യഥാർത്ഥ്യം അവൾ അംഗീകരിച്ചു. അത് അവളിൽ വിശ്വാസമായി രൂപാന്തിരപ്പെട്ടു. അവളുടെ കുടുംബത്തിൽ വിടുതലിനായി ഭവിച്ചു. യേശുക്രിസ്തു കനാന്യ സ്ത്രീയുടെ അപേക്ഷ കൈക്കൊണ്ടതിനുശേഷം അവിടെ നിന്നും ഗലീലയ്ക്കു യാത്രയായി എന്നു 29-ാം വാക്യത്തിൽ എഴുതിയിരിക്കുന്നു. ആയതുകൊണ്ട് ഗെന്നെസരേത്തിൽ അനേക രോഗികളെ സൗഖ്യമാക്കിയ കർത്താവ് സോർ സീദോൻ ദേശത്തേക്കു കടന്നുവന്നത് കനാന്യ സ്ത്രീയെ ദുരത്തുവെച്ചു കണ്ടതുകൊണ്ടാണ്. മകളുടെ രക്ഷയ്ക്കായുള്ള ഹൃദയം തകർന്നുള്ള നിലവിളി കർത്താവിന്റെ കാതിൽ കേട്ടിട്ടുതന്നെയാണ് യേശു ആ ദേശത്തുകൂടെ കടന്നുവന്നത്. യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നേക്കും അനന്യൻ തന്നെ. നമ്മുടെ ആവശ്യഭാരങ്ങളിൽ, കഷ്ടതകളിൽ, മനോവ്യസനങ്ങളിൽ നാം അലയുമ്പോൾ യേശു നമ്മുടെ അരികിൽത്തന്നെയുണ്ടെന്നുള്ള വസ്തുത നാം അറിയണം. വിശ്വാസത്തോടെ അവൻ സകലത്തിനും മതിയായവൻ എന്നു അംഗീകരിച്ചുകൊണ്ടുള്ള യാചനയ്ക്ക് അവൻ കാത്തിരിക്കുന്നു. വിളിച്ചപേക്ഷിക്കേണ്ടതുപോലെ അപേക്ഷിച്ചാൽ അവൻ ഉത്തരം അരുളും. യെഹൂദനെന്നോ, യവനനെന്നോ, ജാതീയനെന്നോ ഇല്ല അവനെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും അവൻ സമീപസ്ഥൻ തന്നേ, സത്യമായിത്തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും തന്നേ.

''അഴിഞ്ഞുപോകുന്നതും തീയിൽ ശോധന കഴിക്കുന്നതുമായ പൊന്നിനേക്കാൾ നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന വിലയേറിയത്'' (1 പത്രോ. 1:7). പരിശോധനകളിൽ നാം വീഴാതെ വിശ്വാസത്തിൽ നിന്നാൽ കർത്താവായ യേശുക്രിസ്തുവിന് അത് മഹത്വത്തിനും, പുകഴ്ച്ചെക്കും, സ്തുതിക്കും കാരണമാകും. അവന്റെ വരവിങ്കൽ നമുക്ക് അത് തേജസ്സിനും മാനത്തിനും കാരണമാകും. അവനെ കാണാതെ സ്നേഹിക്കുകയും ആരാധിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ തന്നെ. യാഥാർത്ഥ്യത്തെ കാണാതെ ഹൃദയത്തിൽ അംഗീകരിച്ചല്ലോ.

യേശുവിന്റെ ഐഹികകാലത്ത് കുരുടന്മാർ യേശുവേ ദാവീദുപുത്രാ ഞങ്ങളോട് കരുണ തോന്നണമേ എന്നു സൗഖ്യത്തിനായി യേശു കടന്നുപോകുന്ന കേൾവി, പുരുഷാരത്തിന്റെ തിക്കും തിരക്കുമൂലമുള്ള ഇരമ്പൽകൊണ്ട് മനസ്സിലാക്കി യേശുവിൽനിന്ന് വിടുതൽ പ്രാപിച്ചത് വചനത്തിൽ എഴുതിയിരിക്കുന്നു. അവർ യേശുവിനെ കണ്ണുകൊണ്ട് കണ്ടില്ല. അവൻ ചെയ്ത അത്ഭുതങ്ങൾ കണ്ടില്ല. പക്ഷേ അവനെക്കുറിച്ച് ഒരു കേൾവി അവർക്ക് കിട്ടിയിരുന്നു. അതെ നാമും നമ്മുടെ യേശുവിനെ കണ്ണാൽ കണ്ടില്ല. എന്നാൽ വചനത്തിലൂടെ അവനെ നാം കണ്ടിരിക്കുന്നു, കേട്ടിരിക്കുന്നു. ദിനംതോറും യഹോവ നല്ലവൻ എന്നു നാം രുചിച്ചറിയുന്നു. യേശു കർത്താവും ദൈവവും എന്നു നാം അറിയുന്നു. എല്ലാം വിശ്വാസത്താൽ തന്നെ. അവനെ ഒരുനാൾ നമ്മുടെ സ്വന്ത കണ്ണാൽ കാണും. അതെ അന്യനല്ല സ്വന്ത കണ്ണാൽ തന്നെകണ്ട് ആ പാദപീഠത്തിങ്കൽ നമസ്ക്കരിക്കും. കോടികോടിയുഗങ്ങൾ നാം യേശുവിനോടുകൂടെ സ്വർഗ്ഗത്തിൽ വാഴും എന്നു വിശ്വസിക്കുന്നു. അതു നാം അറിയുന്നു. അതുകൊണ്ടു നൊടിനേരത്തേക്കുള്ള നമ്മുടെ കഷ്ടങ്ങൾ സാരമില്ല. നിത്യതേജസ്സിന്റെ ഘനം നമുക്കു ലഭിക്കുവാൻ കാരണമാകുന്നതേയുള്ളു. യേശു പറഞ്ഞതുപോലെതന്നെ കാണാതെ വിശ്വസിച്ചവരായ നാം ഭാഗ്യവാന്മാർതന്നേ. (യോഹ. 20:29).

"നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്നറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ" (യാക്കോബ് 1:3). വിശ്വാസത്തിൽ സ്ഥിരത ഉള്ളവരായിരിക്കണം. ദൈവത്തിൽ നിന്നും നാം പ്രാപിച്ചെടുക്കേണ്ടത് എന്തെന്നറിയണം. വിശ്വാസത്തോടെ കനാന്യ സ്ത്രീ അടുത്തു ചെന്നതുപോലെ മക്കൾ എങ്കിൽ അവകാശികൾ ആകുന്നുവല്ലോ. ആ ഉറപ്പോടുകൂടി അടുത്തു ചെന്നു വിശ്വാസത്താൽ അവകാശങ്ങൾ നേടിയെടുക്കുക. കഷ്ടതകളുടെമേൽ വിജയം നേടുക. ഇരുമനസ്സുള്ളവരെ യഹോവ വെറുക്കുന്നു. അവർ തന്റെ വഴികളിൽ ഒക്കെയും അസ്ഥിരൻ ആകുന്നു. വേണോ, വേണ്ടയോ, കിട്ടത്തില്ലായിരിക്കും, വിടുതലില്ലായിരിക്കും എന്നുള്ള ചിന്തകൾ ഇല്ലാതെ ദൃഢനിശ്ചയത്തോടയുള്ള വിശ്വാസത്തോടെവേണം ദൈവസന്നിധിയിൽ കടന്നു ചെല്ലുവാൻ. "ബലാൽക്കാരികൾ ബലൽക്കാരേണ സ്വർഗ്ഗരാജ്യം പിടിച്ചടക്കുന്നുവല്ലോ" (മത്തായി 11:12). ബലത്തോടെ കീഴടക്കുന്നവർ എന്നാൽ ദൃഢനിശ്ചയം ഉള്ളവർ തന്നേ. അല്ലാതെ ശരീരത്തിന്റെ ബലമല്ല വചനം പറയുന്നത്. വിശ്വാസത്തിന്റെ ബലത്തേയാണ് ഇത് സൂചിപ്പിക്കുന്നത്. ദൈവരാജ്യം വിശ്വാസത്തിൽക്കൂടിയാണ് വ്യാപരിക്കുന്നത്. സാത്താന്റെ രാജ്യം ഭയത്തിൽക്കൂടിയും. വിശ്വാസത്തിന്റെ ദൃഢനിശ്ചയത്തോടെ അടുത്തുചെന്ന് ദൈവരാജ്യത്തിന്റെ നന്മ പ്രാപിച്ചെടുക്കുക. രോഗസൗഖ്യം, കടത്തിൽനിന്നുള്ള വിടുതൽ, കഷ്ടതയിൽനിന്നുള്ള ഉദ്ധാരണം എന്തുമാവാം. ദൈവരാജ്യത്തിൽ വിശ്വസിക്കുന്നവരുടെമേൽ അ തിന്റെ നന്മകൾ വ്യാപരിക്കും. ശത്രു നമ്മുടെ നന്മകൾ കൈയ്യടക്കി വെയ്ക്കുന്നത് നമ്മൾ എങ്ങനെ സഹിക്കും?. പലപ്പോഴും ദുഷ്ടനായവൻ നമ്മുടെ നന്മകൾ പിടിച്ചുവെച്ചിരിക്കുന്ന അവസ്ഥകൾ, തട്ടിമാറ്റുന്ന അവസ്ഥകൾ വിശ്വാസത്താൽ ജീവിതത്തിൽനിന്നും മാറ്റിക്കളയുക. അപ്പോൾ നമ്മുടെ വളർച്ച പ്രാപിക്കും. ദൃഢനിശ്ചയം ഉള്ളവൻ വിശ്വാസത്തിന്റെ നല്ല യുദ്ധം ചെയ്യുന്നു. ശീതോഷ്ണവാന്മാരല്ല പിന്നെയോ ഉഷ്ണവാന്മാരായി തന്നെയിരിക്കാം. അനുഗ്രഹങ്ങളും അവകാശങ്ങളും പിടിച്ചടക്കാം.

"അപ്പോൾ യഹോവ അവനെ നോക്കി നിന്റെ ഈ ബലത്തോടെ പോകുക. നീ യിസ്രായേലിനെ മിദ്യാന്യരുടെ കയ്യിൽനിന്നു രക്ഷിക്കും, ഞാനല്ലോ നിന്നെ അയയ്ക്കുന്നതു എന്നു പറഞ്ഞു" (ന്യായധി. 6:14).

ഗിദെയോൻ ഗോതമ്പ് മിദ്യാന്യരുടെ കൈയ്യിൽ പെടാതിരിക്കാൻ മുന്തിരിച്ചക്കിനരികെവെച്ചു മെതി

ശേഷം പേജ് 3 ൽ ▶

4-ാം പേജിൽ നിന്നു തുടർച്ച.........

ദവുമുള്ള ദൈവഹിതം എന്താണെന്ന് തിരിച്ചറിയേണ്ടതിന് മനസ്സ് പുതുക്കി രൂപാന്തരപ്പെടണമെന്ന് തിരുവചനത്തിൽ നാം വായിക്കുന്നു (റോമർ 2:2). നാം മനസ്സിനെ പുതുക്കിയെങ്കിൽ മാത്രമേ ദൈവഹിതം തിരിച്ചറിയുവാൻ സാധിക്കുകയുള്ളു. മനസ്സിന്റെ പുതുക്കം ദൈവാത്മാവിന്റെ നിർദ്ദേശപ്രകാരമാണ് നടക്കേണ്ടത്. അതിനായി നമ്മെ ദൈവകരങ്ങളിൽ സമർപ്പിക്കാം. ഈ ലേഖനം പ്രായമായവർക്ക് പ്രയോജനമായി തീരുവാൻ ദൈവം സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം. നിങ്ങളുടെ ശരീരത്തിന്റെ ബലഹീനത നിങ്ങളുടെ മനസ്സിൽ അടിച്ചേൽപ്പിക്കരുത്. മനസ്സിനെ ബലപ്പെടുത്തുന്നത് ദൈവമാണെന്നറിയുക.

# ചിന്താവിഷയം

## ആരാണ് വലിയവൻ

വായനാഭാഗം
(2 ദിനവൃത്താന്തം.26)

ദൈവത്തെക്കുറിച്ച് അറിയുകയും ദൈവത്തെ അറിയുകയും രണ്ടാണ്. ദൈവത്തിന്റെ ചില പ്രത്യേകതകൾ മനസ്സിലാക്കിയാൽ നമുക്കത് വ്യക്തമാകും. ദൈവം എല്ലായിടത്തും എല്ലായിപ്പോഴും സന്നിഹിതനാണെന്നുള്ളത് നമുക്ക് അറിവുള്ള കാര്യമാണ്. പക്ഷേ ആവശ്യനേരത്ത് അവിടുത്തെ സാന്നിധ്യം നമുക്ക് സുഖവും പ്രത്യാശയും നൽകുന്നു.

ദൈവം എല്ലാം അറിയുന്നു. നമ്മുടെ ജീവിതത്തിലെ ഒരു വിശദാംശം പോലും അവന്റെ ശ്രദ്ധയിൽപ്പെടാതെ പോകുന്നില്ല എന്ന വിശ്വാസം ഏതു പരീക്ഷണത്തിലൂടെയും സമാധാനപൂർവ്വം കടന്നുപോകുവാൻ നമ്മളെ പ്രാപ്തരാക്കുന്നു. ദൈവം സർവ്വശക്തനാണെന്നുള്ള അറിവ് നമുക്കുള്ളതാണ്. അവിടുത്തെ ചേർത്തുകൊണ്ടുള്ള നമ്മുടെ പ്രവർത്തനങ്ങൾ അവിടുത്തെ ശക്തമായ കരങ്ങളിൽ നമുക്ക് വിശ്രാന്തി ഒരുക്കുന്നു. ദൈവത്തിന്റെ സത്യസന്ധതയും മാറ്റമില്ലാത്തതാണെന്നുള്ള ചിന്ത ഏറെ നന്ന്. അവിടുത്തെ അചഞ്ചലമായ പരിപാലനത്തിന് നമ്മെ സമർപ്പിക്കുമ്പോൾ ഒരുവൻ അവിടുത്തെ വിശ്വാസ്തതയുടെ ഉറപ്പ് അറിയുന്നു. ദൈവത്തിന്റെ സ്നേഹം അപാരം എന്ന അറിവിനേക്കാൾ ഉദാത്തമാണ് അവിടുത്തെ പുത്രനിലൂടെ നമ്മെ രക്ഷിക്കുന്ന സ്നേഹത്തെക്കുറിച്ചുള്ള അനുഭവം ഇതു നമ്മിലെ പാപങ്ങൾ മോചിപ്പിക്കപ്പെട്ടതിന്റെ ആഹ്ലാദം നമുക്കു തരുന്നു.

> **“യഹോവയായ ഞാൻ ഭൂമിയിൽ ദയയും ന്യായവും നീതിയും പ്രവർത്തിക്കുന്നു എന്നിങ്ങനെ എന്നെ ഗ്രഹിച്ചറിയുന്നതിൽ തന്നേ പ്രശംസിക്കട്ടെ; ഇതിൽ അല്ലോ എനിക്കു പ്രസാദമുള്ളതു എന്നു യഹോവയുടെ അരുളപ്പാടു”. (യിരെമ്യാവു. 9:24)**



# പാചകം

## ഓംലെറ്റ് സൂപ്പ്

| | | |
|---|---|---|
| മുട്ട അടിച്ചത് | - | 2 എണ്ണം |
| ചിക്കൻ സ്റ്റോക്ക് | - | 4 കപ്പ് |
| നൂഡിൽസ് | - | 125 ഗ്രാം |
| ഉള്ളി അരിഞ്ഞത് | - | 1 എണ്ണം |
| മല്ലിയില | - | അൽപം |
| പഞ്ചസാര | - | അര ടീസ്പൂൺ |
| കുരുമുളക് | - | പാകത്തിന് |
| ഉപ്പ് | - | ആവശ്യത്തിന് |

പാചകം ചെയ്യുന്ന വിധം

നൂഡിൽസ് വേവിച്ചശേഷം വെള്ളം വാർത്തു കളയുക. തണുത്തവെള്ളത്തിൽ കഴുകി വീണ്ടും വെള്ളം വാർക്കണം. അടിച്ച മുട്ടയുടെ കൂടെ ഇഞ്ചി, സവാള, കുരുമുളക്, മല്ലിയില, പഞ്ചസാര, ആവശ്യത്തിന് ഉപ്പ് എന്നിവ ചേർത്തിളക്കുക. ഒരു പാത്രം ചൂടാക്കി എണ്ണ പുരട്ടി മുട്ട മിശ്രിതം അതിലൊഴിച്ച് ഇരുഭാഗവും തവിട്ടുനിറമാകുന്നതുവരെ പൊരിക്കുക. തുടർന്ന് പാത്രത്തിൽനിന്നെടുത്ത് ചെറിയ കഷണങ്ങളാക്കുക. ചിക്കൻസ്റ്റോക്ക് തിളപ്പിച്ചശേഷം മുട്ടയും നൂഡിൽസും അതിൽ ചേർത്ത് നല്ലവണ്ണം ചൂടാക്കിയശേഷം വാങ്ങിവെച്ച് ചൂടോടെ ഉപയോഗിക്കാവുന്നതാണ്.

## കാരറ്റ് സൂപ്പ്

| | | |
|---|---|---|
| കാരറ്റ് | - | 100 ഗ്രാം |
| തക്കാളി | - | 50 ഗ്രാം |
| ചുവന്നുള്ളി | - | 2 എണ്ണം |
| വെളിച്ചെണ്ണ, ഉപ്പ് | - | ആവശ്യത്തിന് |
| കുരുമുളകുപൊടി | - | കാൽ ടീസ്പൂൺ |

പാചകം ചെയ്യുന്നവിധം

കാരറ്റും തക്കാളിയും കഷണങ്ങളാക്കി മിക്സിയിൽ അടിച്ച് വെള്ളം ചേർത്ത് തിളപ്പിക്കുക. തിളയ്ക്കുമ്പോൾ ചെറുതായി അരിഞ്ഞ ചുവന്നുള്ളി വെളിച്ചെണ്ണയിൽ വറുത്ത് അതിലിടുക. നല്ല തിള വരുമ്പോൾ കുരുമുളകുപൊടിയും ആവശ്യത്തിന് ഉപ്പും ചേർത്ത് ചൂടോടെ ഉപയോഗിക്കാവുന്നതാണ്.

കൂടുതൽ ആരോഗ്യവാർത്തകൾ അറിയുവാൻ സന്ദർശിക്കുക
www.disciplesnews.com



# വിജ്ഞാന സഹായി

നിങ്ങളറിയാൻ

## തുമ്പയുടെ ആരോഗ്യ ഗുണം

തുമ്പച്ചാറിൽ കാൽനുര പൊടിച്ച് ചെറുതേൻകൂട്ടി കവിൾകൊണ്ടാൽ പഴുപ്പല്ല് മാറിക്കിട്ടും. തുമ്പയുടെ ഇലയും പൂവും കൂടി ഇടിച്ചു പിഴിഞ്ഞെടുത്ത നീരിൽ അൽപം പാൽക്കായം ചേർത്ത് രണ്ടോ മൂന്നോ നേരം കഴിച്ചാൽ വിരശല്യത്തിനു ശമനം ഉണ്ടാകും. തുമ്പപ്പൂ കിഴികെട്ടി പാൽക്കഞ്ഞിയുണ്ടാക്കിക്കഴിച്ചാൽ തുള്ളൻപനി മാറിക്കിട്ടും. തേൾ കടിച്ച ഭാഗത്ത് തുമ്പയില ചതച്ച് തേച്ചാൽ തേൾ വിഷം ശമിക്കും. പ്രസവാനന്തരം തുമ്പയിട്ടു തിളപ്പിച്ച വെള്ളത്തിൽ നാലഞ്ചു ദിവസം കുളിക്കുന്നത് നല്ലതാണ്. തുമ്പപ്പൂ വെള്ളത്തുണിയിൽ കെട്ടി പാലിലിട്ടു തിളപ്പിച്ച് ആ പാൽ കുട്ടികൾക്ക് നൽകിയാൽ വിരശല്യവും വയറുവേദനയും ഉണ്ടാകില്ല. കൂടാതെ തുമ്പ ഗർഭാശയ ശുദ്ധിക്കും ഗ്യാസ്ട്രബിളിനും നല്ലതാണ്.

### മാനസിക സമ്മർദ്ദം അകറ്റാനുള്ള ഭക്ഷണം

മാനസിക സമ്മർദ്ദം അകറ്റാൻ ചില ഭക്ഷണ പദാർത്ഥങ്ങൾക്കു സാധിക്കുമെന്നു വിദഗ്ദ്ധർ. **ബദാം:** ബദാമിൽ വിറ്റാമിൻ സി, വിറ്റാമിൻ ഇ എന്നിവ ധാരാളമുണ്ട്. മാനസിക സമ്മർദ്ദം ഉണ്ടാകുമ്പോൾ അഞ്ചോ ആറോ ബദാം കഴിക്കുന്നത് നല്ലതാണ്. **ഡാർക്ക് ചോക്ലേറ്റ്:** മാനസിക സമ്മർദ്ദം കുറയ്ക്കാൻ ഡാർക്ക് ചോക്ലേറ്റ് കഴിക്കുന്നത് ഉത്തമമാണ്. കൃത്രിമമായത് ഒഴിവാക്കി നല്ലത് കഴിക്കുക. **മധുരക്കിഴങ്ങ്:** ധാരാളം പോഷക ഗുണങ്ങൾ ഉള്ള മധുരക്കിഴങ്ങിന് മാനസിക സമ്മർദ്ദത്തെ പ്രതിരോധിക്കുവാനുള്ള കഴിവുണ്ടെന്ന് വിദഗ്ധർ അഭിപ്രയപ്പെടുന്നു. ഇത് ഭക്ഷണപദാർത്ഥത്തിൽ ഉൾപ്പെടുത്തുക. **പച്ചക്കറികൾ:** ചീര, ശരാവതി, കാബേജ് എന്നിവയിൽ ഫോളിക് ആസിഡ്, മാംഗനീസ് തുടങ്ങിയ ധാതുക്കളും വിറ്റാമിനുകളും ധാരാളമുണ്ട്. ഈ ധാതുക്കൾ നമുക്ക് ഉന്മേഷം തരുന്നു. ഇവ ദിവസവും കഴിച്ചാൽ സ്ട്രെസ്സിനെ അതിജീവിക്കാൻ കഴിയും.



# ആരോഗ്യം

## അലർജി



1. മഞ്ഞളും കറിവേപ്പിലയും കൂടി അരച്ച് ഒരു മാസം തുടർച്ചയായി രാവിലെ കഴിക്കുക.
2. കരിക്കിൻ വെള്ളത്തിൽ ഒരു പിടി ചുവന്ന തുളസിയില നീര് പിഴിഞ്ഞ് ഒരു നേരം ഒരാഴ്ച കഴിക്കുക.
3. നെല്ലിക്കാപ്പൊടി 3 ഗ്രാം വീതം പത്തുഗ്രാം നെയ്യിൽ ചുടർച്ചയായി കഴിക്കുക.
4. ഉപ്പോ പഞ്ചസാരയോ ചേർക്കാതെ ചെറുനാരങ്ങാ നീര് ആവശ്യത്തിന് കഴിക്കുക.
5. താന്നിക്കാതോടിട്ട് തിളപ്പിച്ചാറിയ വെള്ളത്തിൽ കുളിക്കുക.
6. തേങ്ങാപ്പാൽ പുരട്ടുക.
7. കോവലിന്റെ ഇല ചതച്ചു പിഴിഞ്ഞ് നീരെടുത്തു പുരട്ടുക.

# ജീവന്റെ കിരീടവും നിത്യജീവനും

*സുനിതാ ബാബു*

"ഒരുത്തൻ മല്ലുകെട്ടിയാലും ചട്ടപ്രകാരം പോരാടായ്കയിൽ കിരീടം പ്രാപിക്കയില്ല. (2 തിമോ. 2:5). ദൈവവിശ്വാസികളായ സർവ്വ മനുഷ്യരും, ഏതു ജാതിയായാലും, ഏതു മതമായാലും ജീവകരീടം അഥവാ, സ്വർഗ്ഗം, അഥവാ, മോക്ഷം പ്രാപിക്കുന്നതിനുവേണ്ടിയാണ്. പല വിധ അനുഷ്ഠാനങ്ങളും, കർമ്മങ്ങളും, ആചാരങ്ങളും എല്ലാം പിന്തുടരുന്നത്. എന്നാൽ മേൽപറഞ്ഞ ദൈവവചനത്തിൽ ആ മഹത്വം നേടുന്നതിനുവേണ്ടി നാം എല്ലാവരും ഒരേ ഒരു ചട്ടപ്രകാരം പോകണം എന്ന് കാണാം.

ദൈവം എല്ലാ മനുഷ്യരേയും സ്വന്ത മക്കളായിട്ടാണ് സൃഷ്ടിച്ചത്. എന്നാൽ മനുഷ്യൻ ദൈവത്തിന്റെ പ്രമാണങ്ങളെക്കാളും ശ്രേഷ്ഠമായി സ്വന്തബുദ്ധിയാൽ ഉണ്ടാക്കിയ പ്രമാണങ്ങളെ പരിഗണിച്ചുകൊണ്ട് ആ ചട്ടപ്രകാരം ജീവിക്കുന്ന കാഴ്ച സൃഷ്ടാവായ ദൈവത്തെ വേദനിപ്പിക്കുന്നതാണ്. എല്ലാവരും മോക്ഷം, അഥവാ സ്വർഗ്ഗം തേടി ഓടുമ്പോൾ ദൈവവചനപ്രകാരം, സ്വർഗ്ഗം അഥവാ നിത്യജീവൻ യോഹന്നാൻ 6:40-യിൽ രേഖപ്പെടുത്തിയിരിക്കുന്നു.

"പുത്രനെ നോക്കിക്കൊണ്ടു അവനിൽ വിശ്വസിക്കുന്ന ഏവനും നിത്യജീവൻ ഉണ്ടാകണമെന്നാകുന്നു എന്റെ പിതാവിന്റെ ഇഷ്ടം".

ഇപ്രകാരം പിതാവിലും പുത്രനിലും വിശ്വസിക്കുന്ന മനുഷ്യന്, ദൈവം വാഗ്ദത്തം ചെയ്ത അച്ചാരമാണ് പരിശുദ്ധാത്മാവ്. നമ്മെ നിത്യജീവനിലേക്ക് നയിക്കുന്നത് ഈ പരിശുദ്ധാത്മാവാണ്. പരിശുദ്ധാത്മാവിനെ പ്രാപിച്ച് നിത്യജീവൻ നേടിയെടുക്കണമെങ്കിൽ ചട്ടപ്രകാരം ഓടിയെങ്കിൽ മാത്രമേ സാധിക്കുകയുള്ളു.

അപ്പോ. പ്രവൃ. 4:12 മറ്റൊരുത്തനിലും രക്ഷയില്ല, നാം രക്ഷിക്കപ്പെടുവാൻ ആകാശത്തിൻ കീഴിൽ മനുഷ്യരുടെ ഇടയിൽ നൽകപ്പെട്ട വേറൊരു നാമവുമില്ല. അപ്പോ. പ്രവൃ. 16:31. കർത്താവായ യേശുവിൽ വിശ്വസിക്ക നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും. നിത്യരക്ഷ അഥവാ നിത്യ ജീവൻ പ്രാപിക്കുവാൻ യേശുക്രിസ്തുവിൽ വിശ്വസിക്ക അത്യന്താപേക്ഷിതമാണ്. കാരണം മനുഷ്യന്റെ ആത്മാവിനെ പിശാചിന്റെ പിടിയിൽനിന്നു രക്ഷിക്കുവാൻ പിതാവ് തന്റെ പുത്രനെ ഭൂമിയിലേക്കയച്ചത് ജാതി മതഭേതമെന്യേ സകല മനുഷ്യരേയും നിത്യജീവന് അർഹരാക്കുന്നതിനുവേണ്ടിയാണ്.

യോഹന്നാൻ 1:12. അവനെ കൈക്കൊണ്ടു അവന്റെ നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവമക്കൾ ആകുവാൻ അവൻ അധികാരം കൊടുത്തു. യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന ഏതു മനുഷ്യനും ഈ പദവിക്ക് അർഹനാണ്. അപ്പോ. പ്രവൃ. 10:35 ദൈവത്തിനു മുഖപക്ഷമില്ലെന്നും ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതി പ്രവർത്തിക്കുന്നവനെ അവൻ അംഗീകരിക്കുന്നു. അപ്പോ. പ്രവൃ. 13:48. ജാതികൾ ഇതുകേട്ടു സന്തോഷിച്ച് ദൈവവചനത്തെ മഹത്വപ്പെടുത്തി നിത്യജീവനായി നിയമിക്കപ്പെട്ടവർ എല്ലാവരും വിശ്വസിച്ചു. അതിനാൽ വിശ്വസിക്കുന്നവർ മാത്രമാണ്

ശേഷം പേജ് 3 ൽ ▶

# വൈവാഹിക പംക്തി

**Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State . Pin - 689121.**

വിശ്വകർമ്മ പെന്തക്കോസ്ത് യുവതി, 27/155, ഇരു നിറം, ബി.എസ്.സി. നേഴ്സ്, ഇന്റർനാഷണൽ ഹോസ്പിറ്റൽ, മുംബൈ, ജാതി പ്രശ്നമല്ല, മുംബൈയിൽ ജോലിയുള്ളവർക്ക് മുൻഗണന. 95679 29440, 077385 54960.

---

സാംബവ പെന്തക്കോസ്ത് യുവതി, പാസ്റ്ററുടെ മകൾ, 30/155, എം.എസ്.ഡബ്ല്യു., സ്കൂൾ കൗൺസിലർ, ഡിഗ്രിയുള്ളതും സുവിശേഷവേലയിൽ താൽപ്പര്യമുള്ളവർക്കും മുൻഗണന, ജാതി പ്രശ്നമല്ല. 98474 85540, 97442 42799.

---

പെന്തക്കോസ്ത്, ആഭരണം ഉപയോഗിക്കുന്ന ചേരമർ യുവതി, 35/165, ഗൾഫിൽ ജോലി, ലീവിൽ ഉണ്ട്. 91815 68 21744.

---

പെന്തക്കോസ്ത് യുവതി, 26/160, എം.എസ്.സി. നേഴ്സ്, വിവാഹാലോചനകൾ ക്ഷണിക്കുന്നു. 94956 44170. m4marry id 3733297

---

പെന്തക്കോസ്ത് യുവതി, 23, ബി.കോം, ദുബായിൽ അക്കൗണ്ടന്റ്, വിദ്യാഭ്യാസം, ജോലി പ്രശ്നമില്ല. 95269 87598.

---

സാംബവ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതി, 23/157, ജി.എൻ.എം., ആലോചനകൾ ക്ഷണിക്കുന്നു. 94471 14349, 95267 86371.

---

പെന്തക്കോസ്ത് യുവതി (ചേരമർ) 25, റേഡിയോഗ്രാഫർ. 97466 47669.

---

ചേരമർ ക്രിസ്ത്യൻ പെന്തക്കോസ്ത് യുവതി 35/157. 95674 88043, 0481 3250163.

---

ചേരമർ പെന്തക്കോസ്ത് യുവാവ്, 32/167, റിയാദിൽ ഇലക്ട്രീഷ്യനായി ജോലി ചെയ്യുന്നു. ചേരമർ പെന്തക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചനകൾ ക്ഷണിക്കുന്നു. ഡിസംബറിൽ ലീവിലുണ്ട്. 99463 30268, + 966551 949714, 99447 60895.

---

ഭാര്യ മരിച്ച യുവാവ് 59 (ക്നാനായ പെന്തക്കോസ്ത്) സ്വന്തമായി ബിസിനസ്സ്, ഒരു മകൾ ഉണ്ട്. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. 94474 40408.

---

നായർ വിഭാഗത്തിൽനിന്നും രക്ഷിക്കപ്പെട്ട യുവാവ്, 39/178, വെളുത്ത നിറം, സെയിൽസ് ഓഫീസർ, രക്ഷിക്കപ്പെട്ട യുവതികളുടെ മാതാപിതാക്കളിൽനിന്നും ആലോചന ക്ഷണിക്കുന്നു. 70347 05410.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഡിസൈപ്പിൾസ് ഗുഡ്ന്യൂസിലേക്കുള്ള വാർത്തകൾ, ലേഖനങ്ങൾ, മറ്റു പംക്തികൾ, കത്തിടപാടുകൾ, മണിഓർഡറുകൾ, ചെക്ക്, ഡ്രാഫ്റ്റ് മുതലായവ ഇനിമുതൽ താഴെക്കാണുന്ന വിലാസത്തിൽ അയയ്ക്കുക

Disciples Good News, P.B. No: 35, Chengannur P.O.,
Alappuzha Dist, Kerala State - 689121. Ph: 0479 2452420
news@disciplesministry.com,
Our Bank Details: Disciples Good News, Federal Bank, Chengannur
A/c No: 10240200010650 IFSC Code FDRL 0001024

## ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് വിവാഹ പരസ്യങ്ങൾക്ക്

₹ 500 മാത്രം (25 വാക്കുകൾ വരെ) വ്യാഴാഴ്ച തോറും പ്രസിദ്ധീകരിക്കുന്നു. പരസ്യം വ്യാഴാഴ്ചയ്ക്കകം ഓഫീസിൽ എത്തിക്കുക.

Disciples Good News, P.B. No: 35, Chengannur P.O., Alappuzha Dist, Kerala State . Pin - 689121.

ഡിസൈപ്പിൾസ് ഗുഡ്ന്യൂസ് വീക്കലി പത്രം കളറിലുള്ളത് എല്ലാ ആഴ്കളിലും എളുപ്പത്തിൽ ഇന്റർനെറ്റ് വഴി വായിക്കുവാൻ ഈ കാണുന്ന QR Code സ്മാർട്ട് ഫോണിൽനിന്നോ, ബാർകോഡ് റീഡറിൽനിന്നോ സ്കാൻ ചെയ്തു വായിക്കാവുന്നതാണ്. കൂടാതെ ഓൺലൈൻ പത്രമായ www. disciples news.comഎന്ന വെബ്സൈറ്റിൽ നിന്നും ഡൗൺ ലോഡ് ചെയ്തു വായിക്കാവുന്നതാണ്.

# ബൈബിൾ ക്വിസ്

## ബൈബിൾക്വിസ് നമ്പർ 2013-14 -94 ചോദ്യങ്ങൾ

1. "സകലവും എനിക്കു പ്രതികൂലം തന്നെ" എന്നു പറഞ്ഞതാര്?
2. "യിസ്രായേലിന്റെ ദൈവമായ യഹോവയുടെ ചിറകിൻ കീഴിൽ ആശ്രയം വച്ചു വന്നിരിക്കുന്ന നിനക്കു അവൻ പൂർണ്ണ പ്രതിഫലം തരുമാറാകട്ടെ" എന്ന് ആര് ആരോട് പറഞ്ഞു?
3. യഹോവയുടെ ന്യയപ്രമാണം പരിശോധിക്കാനും അതനുസരിച്ച് നടക്കാനും ഉപദേശിക്കാനും മനസ്സുവച്ചതാര്?
4. യേശു തന്റെ പ്രസംഗത്തിൽ എപ്പോഴും ഉപയോഗിച്ചിരുന്ന ഒരു മാധ്യമം?
5. "പാപം പെരുകിയിടത്തു കൃപ അത്യന്തം വർദ്ധിച്ചു" എന്നു വായിക്കുന്ന ഭാഗം എവിടെ?

## ബൈബിൾക്വിസ് നമ്പർ-2013-14 -93 ഉത്തരങ്ങൾ

1. സേയിർ (ന്യായാ 5:4)
2. ശൗൽ (1 ശമു. 15:19)
3. വഞ്ചന (സങ്കീ. 7:1)
4. സോർ (യെശ. 23:3)
5. നീതി (റോമർ 9:30)

Disciples Good News
P.B. No: 35, Chengannur P.O.,
Alappuzha Dist, Kerala State
Pin - 689121.

DISCIPLES GOOD NEWS
WEEKLY

Ph: 0479 2452420
email:news@disciplesministry.com

# നാടുകടത്തൽ: മെസ്സിയാനിക് ജൂതർ സുപ്രീം കോടതിയിൽ അപ്പീൽ നൽകി

യെരുശലേം: ഇസ്രായേലിൽ ക്രൈസ്തവ സുവിശേഷ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയതിന് കുറ്റം ആരോപിച്ച് ഇസ്രായേയിൽ നിന്നു 10 വർഷത്തേക്കു നാടുകടത്തിയ മെസ്സിയാനിക് യെഹൂദനായ ബ്രിട്ടീഷ് പൗരൻ, വിധിക്കെതിരെ ഇസ്രായേൽ സുപ്രീം കോടതിയിൽ അപ്പീൽ നൽകി. 'ജ്യൂസ് ഫോർ ജീസസ്' മിനിസ്ട്രി നേതാവ് ബാരി ബാർനെറ്റാണ് തന്നെ നാടുകടത്തിയതിനെതിരെ അപ്പീൽ നൽകിയത്. ബാറിയും സഹപ്രവർത്തകരും കഴിഞ്ഞ വർഷം യെരുശലേമിൽ പൊതുസ്ഥലങ്ങളിൽ വൻ സുവിശേഷ പ്രചാരണങ്ങൾ സംഘടിപ്പിച്ചിരുന്നു. കൂറ്റൻ ബാനറിൽ "ഇസ്രായേലേ നിന്റെ ദൈവത്തെ ശ്രദ്ധിക്കുക" എന്നെഴുതിയ വാക്യങ്ങൾ ആലോഖനം ചെയ്തിരുന്നു. പിന്നീട് ഇസ്രായേൽ പോലീസ് എത്തി അത് നീക്കം ചെയ്തു. നവംബർ 20ന് ബാറിയെ അറസ്റ്റു ചെയ്യുകയുണ്ടായി. നാലു ദിവസം ജയിലിൽ അടച്ചതിനുശേഷം ജാമ്യത്തിൽ വിടുകയായിരുന്നു.



*'ജ്യൂസ് ഫോർ ജീസസ്' മിനിസ്ട്രി നേതാവ് ബാരി ബാർനെറ്റ്*

# 10 മാസത്തെ ബോക്കോഹറാം തടവിൽനിന്നും പാസ്റ്റർ രക്ഷപെട്ടു



മെയ്ഡുഗരി: നൈജീരിയായിൽ ഇസ്ലാമിക തീവ്രവാദി സംഘടന ബോക്കോഹറാം 10 മാസം മുമ്പ് തട്ടിക്കൊണ്ടുപോയി ബന്ദിയാക്കിയ പാസ്റ്റർ അത്ഭുതകരമായി രക്ഷപെട്ടു. മെയ്ഡുഗുരിയിലെ റഡീം ചർച്ച് പാസ്റ്റർ റോട്ടിമി ഒബജിമിയാണ് കർത്താവിന്റെ കരുണകൊണ്ട് ജീവിതത്തിലേക്കു തിരികെ വന്നത്. ജനുവരി 6 നായിരുന്നു ആയുധധാരികളായ തീവ്രവാദികൾ ചർച്ചിന്റെ ഹെഡ്ക്വാർട്ടേഴ്സിൽ നിന്നും പാസ്റ്റർ ഒബജിമിയെ തട്ടിക്കൊണ്ടുപോയത്. ഇദ്ദേഹത്തെ തീവ്രവാദികളുടെ താവളമായ സമ്പിയ വനത്തിനുള്ളിൽ ബന്ദിയാക്കി വെച്ചിരിക്കുകയായിരുന്നു. ഇപ്പോൾ വനമേഖലയിൽ കനത്ത മഴയും വെള്ളപ്പൊക്കവും തീവ്രവാദികൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. തീവ്രവാദികളുടെ കണ്ണു വെട്ടിച്ച് വനത്തിനു പുറത്തെത്തിയ ഒബജിമി സ്വന്തം നാട്ടിലേക്കു വരികയായിരുന്നു. ഇദ്ദേഹത്തെ നൈജീരിയൻ മിലിട്ടറി ആശുപത്രിയിൽ വിദഗ്ധ ചികിത്സയ്ക്കു വിധേയനാക്കിയശേഷം വീട്ടിലേക്കു വിടുകയുണ്ടായി. എല്ലാം ദൈവകൃപ എന്നാണ് ഒബജിമിയുടെ വാക്കുകൾ.

# വിശപ്പു മാറ്റാൻ 6 വയസ്സുകാരൻ പട്ടിയുടെ പാലു കുടിക്കുന്നു

ഝാർഖണ്ഡ് സ്വദേശിയായ 6 വയസ്സുകാരൻ ചോട്ടുവിന്റെ ജീവൻ നിലനിർത്തുന്നത് തെരുവുനായയാണ്. പിതാവു മരിച്ച കുടുംബത്തിലെ അംഗമായ ഈ കൊച്ചു കുട്ടി തന്റെ കുടുംബത്തിലെ ദാരിദ്ര്യം നിമിത്തം വിശപ്പടക്കുന്നത് പട്ടിയുടെ പാൽ കുടിച്ചാണെന്നുള്ള കഥ വിദേശ മാധ്യമങ്ങൾപോലും വൻ പ്രാധാന്യത്തോടെയാണ് പ്രസിദ്ധീകരിച്ചത്. ചോട്ടുവിന്റെ പിതാവ് മൂന്നു വർഷം മുമ്പ് മരിച്ചു. അമ്മ ശനിപരിദേവിയും, 60 കാരിയായ അമ്മൂമ്മയും, 14-ഉം, 3 വയസ്സുള്ള സഹോദരന്മാരുമാണ് ചോട്ടുവിന്റെ കുടുംബം. മൂത്ത സഹോദരൻ ഹോട്ടലിൽ പണിക്കുപോയി കൊണ്ടുവരുന്ന തുച്ഛമായ വരുമാനമാണ് കുടുംബത്തിന്റെ ഏക വരുമാനം. അമ്മയും, അമ്മൂമ്മയും വനവിഭവങ്ങൾ ശേഖരിച്ചും വിറകു വെട്ടിയും ജീവിതം മുന്നോട്ടു കൊണ്ടുപോകുന്നു. പട്ടിണി മൂലം സ്കൂളിൽ പോകുവാൻ കഴിയാത്ത ചോട്ടു കുറച്ചു കാലമായി തെരുവുനായ്ക്കളുമായി ചെങ്ങാത്തത്തിലാണ്. പട്ടിക്കുഞ്ഞുങ്ങളോടൊപ്പം കളിയാണ് പ്രധാന വിനോദം. ഒരു ദിവസം ചോട്ടു പട്ടിപ്പാൽ കുടിക്കുന്നത് അമ്മ കാണുവാൻ ഇടയായി. പിന്തിരിപ്പിക്കാൻ ശ്രമിച്ചപ്പോൾ പരാജയപ്പെട്ടു. ചോട്ടു പാലു കുടിക്കുകതന്നെ ചെയ്തു. നായയുടെ പിൻകാലിൽ പിടിച്ച് നിലത്തു മുട്ടുകുത്തിക്കിടന്നാണ് ചോട്ടുവിന്റെ പാൽകുടി. തള്ളപ്പട്ടിയാകട്ടെ തന്റെ സ്വന്തം കുഞ്ഞിനു പാലു കൊടുക്കുന്നതുപോലെ വളരെ ശാന്തമായി നിന്നുകൊടുക്കും. എന്തായാലും അയൽക്കാർ ഇടപെട്ടു ചോട്ടുവിനെ ഗുണദോഷിച്ചു. പേവിഷബാധയേറ്റാൽ കാര്യങ്ങൾ ഗുരുതരമാകുമെന്നു അവർ പറഞ്ഞെങ്കിലും ചോട്ടു പിന്മാറിയില്ല. ഒടുവിൽ അവർ ചോട്ടുവിനെ സ്കൂളിൽ വിടുവാൻ മുൻകൈ എടുത്തു. മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിച്ച ഈ സംഭവം ഇന്ത്യക്കു തന്നെ നാണക്കേടാണ്.



*ചോട്ടു പട്ടിപ്പാൽ കുടിക്കുന്നു*





# മരണത്തിനുശേഷം സംഭവിക്കുന്നതെന്തെന്ന് തെളിവുകളുമായി ഗവേഷകർ

ലണ്ടൻ: ഒരു വ്യക്തി ഹൃദയത്തിന്റെ പ്രവർത്തനം നിലച്ച് മരണത്തിനു കീഴടങ്ങുന്നതിനു മുമ്പുള്ള നിമിഷങ്ങളിൽ എന്തൊക്കെ കാണും, കേൾക്കും എന്നു തെളിയിച്ചതായി ഗവേഷകർ. മരണാസന്നമായ അവസ്ഥയേയും, ശരീരമെന്ന കൂടു വിട്ടു ബോധം പുറത്തുപോകുന്ന അവസ്ഥയേയും കുറിച്ച് നാലു വർഷം ആഴത്തിൽ ഗവേഷണം നടത്തിയത് സതാംപടൺ സർവ്വകലാശാലയിലെ ഗവേഷകരാണ്. ബ്രിട്ടൺ, യു.എസ്., ഓസ്ട്രേലിയ എന്നിവിടങ്ങളിലെ വിവിധ ആശുപത്രികളി

ശേഷം പേജ് 2 ൽ ▶